നിയമ സംസ്കാര കേന്ദ്രത്തിന്റെ

ജനനീതി

നവംബർ 2006

3.00 ക.

# തളരാത്ത നിശ്ചയദാർഢ്യം



പട്ടാളപേക്കൂത്തിന്നെതിരെ ആറുകൊല്ലമായി
ഉപവാസം നടത്തിവരുന്ന ശാർമിള

115

# ദളിത് രാഷ്ട്രീയത്തിന്റെ പതാകാവാഹകൻ



കൻഷിറാം

ഇന്ത്യയിലെ അധ:സ്ഥിത ജനവിഭാഗങ്ങളെ ഒരു രാഷ്ട്രീയ ശക്തിയായി വളർത്തിയെടുത്തുവെന്നതാണ് ഒക്ടോബർ 9-ാം തിയ്യതി നിര്യാതനായ കൻഷിറാമിന്റെ ഏറ്റവും വലിയ സംഭാവന.

ഹരിജനോദ്ധാരണത്തിനായി പലരും ഇതിന്നുമുമ്പും പ്രവർത്തിച്ചിട്ടുണ്ട്. ഗാന്ധിജിയുടെ ഹരിജനോദ്ധാരണപ്രവർത്തനം ചരിത്രത്തിന്റെ ഒരു ഭാഗമാണ്. ഹരിജനങ്ങളിൽ പലരേയും നേതൃത്വനിരയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ അതിന്നു കഴിഞ്ഞുവെന്നതും ശരിയാണ്. പക്ഷെ അവരെ ഒരു രാഷ്ട്രീയ ശക്തിയായി രൂപാന്തരപ്പെടുത്താൻ കഴിഞ്ഞത് കൻഷിറാമിന് മാത്രമാണ്.

മഹാരാഷ്ട്രത്തിൽ ദളിതുകളുടേതായി ഒരു റിപ്പബ്ലിക്കൻ പാർട്ടിയുണ്ടായിരുന്നുവെന്നത് ശരിതന്നെ. കൻഷിറാം രാഷ്ട്രീയത്തിന്റെ ഹരിശ്രീ കുറിച്ചതും അതിലൂടെയാണ്. പക്ഷെ റിപ്പബ്ലിക്കൻ പാർട്ടിക്ക് ദളിതുകളുടെ ഭാവനയെ ദീപ്തമാക്കാൻ കഴിഞ്ഞില്ല. ദളിതുകൾക്ക് തനതായൊരു പ്രത്യയശാസ്ത്രത്തിന് രൂപംനല്കാൻ അവർക്കായില്ലെന്ന് പറയുന്നതാകും ശരി.

ദേശരക്ഷാവകുപ്പിലെ ജോലി രാജിവച്ച് രാഷ്ട്രീയരംഗത്തേക്ക് ഇറങ്ങിയപ്പോൾ പഞ്ചാബിയായ കൻഷിറാമിന്റെ ചക്രവാളം വിശാലമായിരുന്നു. റിപ്പബ്ലിക്കൻ പാർട്ടിക്കാർ മഹാരാഷ്ട്രത്തിലെ രാഷ്ട്രീയത്തിൽ ഒതുങ്ങിക്കൂടിയതുപോലെ കാൻഷിറാം പഞ്ചാബിൽ താവളമടിച്ചില്ല. വെറും മുദ്രാവാക്യരാഷ്ട്രീയംകൊണ്ട് പ്രയോജനമൊന്നുമുണ്ടാവില്ലെന്ന് അദ്ദേഹം മനസ്സിലാക്കി. തന്മൂലം ദളിതുകളായ ഉദ്യോഗസ്ഥരെ സംഘടിപ്പിക്കുന്നതിലാണ് അദ്ദേഹം ആദ്യം ശ്രദ്ധ കേന്ദ്രീകരിച്ചത്. ദളിത് രാഷ്ട്രീയത്തിലെ കേഡർ വിഭാഗം ഇതായിരുന്നുവെന്നു പറയാം.

1984-ൽ അദ്ദേഹം ബി.എസ്.പി.ക്കു രൂപം നല്കിയപ്പോൾ അത് അധ:സ്ഥിത രാഷ്ട്രീയത്തിന്റെ മൂർത്തിമത് ഭാവമായിരുന്നു. മറ്റേതെങ്കിലും കക്ഷിയുടെ വാലായിത്തീരാനോ ഏതെങ്കിലും കക്ഷിയുമായി കൂട്ടുകെട്ടുണ്ടാക്കാനോ അദ്ദേഹം തയ്യാറായില്ല. ഇത് ദളിതുകൾക്ക് മുമ്പൊന്നുമില്ലാതിരുന്ന അഭിമാനവും ആത്മവിശ്വാസവുമുളവാക്കി. ഏറ്റവും വലിയ പ്രലോഭനങ്ങളെപ്പോലും കൻഷിറാം പുച്ഛിച്ചുതള്ളി. ആ തന്റേടത്തിനുമുന്നിൽ ഒരാൾക്ക് തലകുനിക്കാതിരിക്കാനാവില്ല.

ഒരധ്യാപികയായിരുന്ന മായാവതിയിൽ നേതൃത്വഗുണവിശേഷങ്ങൾ കണ്ടെത്തി വളർത്തിയെടുക്കാനും അവരെ തന്റെ അനുയായിയും പിൻഗാമിയുമാക്കി മാറ്റാനും കഴിഞ്ഞുവെന്നതും കൻഷിറാമിന്റെ മഹത്വത്തെ വെളിപ്പെടുത്തുന്നു. ❑

ജനനീതി

നവംബർ 2006
115

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ജനാധിപത്യവും പട്ടാളനിയമവും ഒന്നിച്ചുപോകില്ല

സായുധസേനാ പ്രത്യേകാധികാര നിയമം (1958) റദ്ദാക്കണമെന്ന ജ. ജീവൻ റെഡ്ഡി കമ്മിറ്റിയുടെ ഏകകണ്ഠമായ നിർദ്ദേശം നടപ്പാക്കുന്ന കാര്യത്തിൽ ഗവൺമെന്റ് കാണിക്കുന്ന വൈമുഖ്യം അക്ഷന്തവ്യമാണ്. സർക്കാരിന്റേയും സൈന്യത്തിന്റേയും സന്നദ്ധ സംഘടനകളുടേയും പ്രതിനിധികളടങ്ങുന്ന ഒരു കമ്മിറ്റിയുടെ ഏകകണ്ഠമായ നിർദ്ദേശംപോലും ഗവൺമെന്റ് നടപ്പാക്കുന്നില്ലെങ്കിൽ ഗവൺമെന്റ് എന്തിന് ഈ കമ്മിറ്റിയെ നിയോഗിച്ചുവെന്ന് വ്യക്തമാക്കേണ്ടതുണ്ട്.

നാഗാലാൻഡിലെ സായുധ കലാപം അനിയന്ത്രിതമായ ഒരവസരത്തിലാണ് സായുധസേനാ പ്രത്യേകാധികാര നിയമം പാസാക്കിയത്. 1958ൽ ഇതിനുള്ള ബിൽ പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ തന്നെ അതിന് അതിരൂക്ഷമായ എതിർപ്പിനെ നേരിടേണ്ടിവന്നിരുന്നു. ഒരടിയന്തരാവസ്ഥയെ നേരിടാനുള്ള നിയമമാണിതെന്നും ഏതാണ്ടൊരു കൊല്ലം കൊണ്ട് നിയമം പിൻവലിക്കാൻ കഴിയുമെന്നുമാണ് അന്ന് ആഭ്യന്തരമന്ത്രിയായിരുന്ന പാന്ത് പാർലമെന്റിൽ പറഞ്ഞിരുന്നത്. എന്നാൽ 48 കൊല്ലമായിട്ടും അത് ഇപ്പോഴും തുടരുന്നു. നാഗാലാൻഡിനു പുറമെ ആസാമിലും മണിപ്പൂരിലും ഇത് നടപ്പാക്കിയിട്ടുമുണ്ട്.

പട്ടാളനിയമത്തിന് സമാനമായ ഈ നിയമത്തിനെതിരെ ഏറ്റവും രൂക്ഷമായ സമരം നടന്നുവരുന്നത് മണിപ്പൂരിലാണ്. മണിപ്പൂരിൽ ഈ നിയമം നടപ്പാക്കിയിട്ടിപ്പോൾ കൊല്ലം ഇരുപത്താറായി. നിർദോഷികളായ എണ്ണായിരം സിവിലിയന്മാരടക്കം 20,000 പേരെങ്കിലും ഇതിനകം അവിടെ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് അധികൃതർ തന്നെ പറയുന്നു.

അതിഭീകരമായൊരു സ്ഥിതിവിശേഷമാണ് ഈ നിയമം ഉളവാക്കിയിരിക്കുന്നത്. ഈ നിയമത്തിന്റെ തണലിൽ പട്ടാളക്കാർക്ക് എന്തും ചെയ്യാം. ഒരാളെ വെറുതെ വെടിവച്ചുകൊന്നാലും ചോദ്യം ചെയ്യാനാവില്ല. കോടതിയിൽ കേസ് കൊടുക്കാനാവില്ല. വീടുകളിൽ കയറിവന്ന് കിട്ടിയതെല്ലാം എടുത്തുകൊണ്ടുപോയാലും മിണ്ടാനാവില്ല. സ്ത്രീകളെ ബലാൽസംഗം ചെയ്താലും അനുഭവിക്കുകയേ നിവൃത്തിയുള്ളൂ. രണ്ടു കൊല്ലംമുമ്പ് തങ്കജം മനോരമ എന്നൊരു യുവതിയെ പിടിച്ചുകൊണ്ടുപോയി ബലാൽസംഗം ചെയ്ത് കൊന്ന സംഭവം വലിയ ഒച്ചപ്പാടിന് ഇടയാക്കിയിരുന്നു. അതിനെ തുടർന്നാണ് ജ.ജീവൻ റെഡ്ഡി കമ്മിറ്റിയെ നിയോഗിച്ചത്.

പട്ടാളമുള്ളതുകൊണ്ട് ജനങ്ങൾക്ക് വല്ല ഗുണവുമുണ്ടോ? അതുമില്ല. സായുധകലാപകാരികൾ നാട്ടിൽ സ്വൈരവിഹാരം നടത്തുന്നു. അവർ നികുതി പിരിക്കുന്നു. ഉദ്യോഗസ്ഥന്മാർ ശമ്പളത്തിന്റെ ഒരു ശതമാനം സ്ഥിരമായി കലാപകാരികൾക്ക് "നികുതി" നൽകണം. കൃഷിക്കാരിൽനിന്നും കച്ചവടക്കാരിൽനിന്നുമെല്ലാം അവർ സ്ഥിരമായി പിരിവുനടത്തുന്നുണ്ട്. വിസമ്മതിക്കുന്നവരെ അവരും കൊന്നുകളയുന്നു. ചെകുത്താനും കടലിനും ഇടയിൽപ്പെട്ട ഗതികേടിലാണ് ജനങ്ങളിപ്പോൾ.

ഗവൺമെന്റ് മനസ്സിലാക്കിയിരിക്കേണ്ട ലളിതമായൊരു സത്യമുണ്ട്. ഗോത്രവർഗ്ഗക്കാരെ തോല്പിക്കാൻ ലോകത്തിൽ ഇതേവരെ ഒരു ഗവൺമെന്റിനും സാധിച്ചിട്ടില്ല. പാക്കിസ്ഥാനിലേക്കൊന്നു നോക്കൂ. പരാക്രമിയായ മുഷാറഫിന്റെ പട്ടാളത്തെ പാക്കിസ്ഥാനിലെ ഗോത്രവർഗ്ഗങ്ങൾ വെള്ളം കുടിപ്പിക്കുന്നു. ഒടുവിൽ ബുഷിന്റെ കണ്ണുരുട്ടലിനെപ്പോലും അവഗണിച്ചുകൊണ്ട് ഗോത്രവർഗ്ഗക്കാരുമായി സന്ധി ചെയ്യാൻ മുഷാറഫ് നിർബന്ധിതനായത് ഒരുമാസം മുമ്പാണ്. അഫ്ഗാനിസ്ഥാനിലെ ഗോത്രവർഗ്ഗക്കാർ ബ്രിട്ടീഷ് സാമ്രാജ്യത്തെ മുട്ടുകുത്തിച്ചു; റഷ്യക്കാരെ മുട്ടുകുത്തിച്ചു; ഇപ്പോൾ അമേരിക്കക്കാരേയും വെള്ളം കുടിപ്പിച്ചുകൊണ്ടിരിക്കുന്നു. ബർമ്മയിലൊന്നു നോക്കൂ. സ്വാതന്ത്ര്യം നേടി അരനൂറ്റാണ്ടു കഴിഞ്ഞിട്ടും ബർമ്മയിലെ പട്ടാള ഗവൺമെന്റിന് വടക്കൻ ബർമ്മ ഇന്നും ബാലികേറാമലയായി അവശേഷിക്കുന്നു. ഇന്ത്യയിൽ തന്നെ ഗോത്രവർഗ്ഗക്കാരുമായി ഏറ്റുമുട്ടി തോറ്റ ബ്രിട്ടീഷുകാർ ഗോത്രവർഗ്ഗക്കാർക്ക് സ്വയംഭരണാധികാരം നൽകി തടി രക്ഷിച്ച കഥ നമുക്കറിയാം. ഈ അനുഭവങ്ങളെല്ലാമുണ്ടായിട്ടും ഗോത്രവർഗ്ഗ കലാപങ്ങളെ പട്ടാളത്തെക്കൊണ്ട് നേരിടാൻ ശ്രമിക്കുന്ന ഇന്ത്യാ ഗവൺമെന്റിനെപ്പറ്റി ഒരാൾക്ക് എന്തുപറയാൻ കഴിയും?

ചെറിയൊരു സംസ്ഥാനമായ മണിപ്പൂരിൽ രണ്ടു ഡസനിലേറെ ഗോത്രവർഗ്ഗങ്ങളുണ്ട്. അതിൽ ഏറ്റവും വലിയ മെയ്റ്റീ ഗോത്രത്തിൽതന്നെ നാലു കലാപഗ്രൂപ്പുകളുണ്ട്. നാഗാ ഗോത്രവർഗ്ഗത്തിൽതന്നെ നാല്പത് ഉപഗ്രൂപ്പുകളുണ്ട്. കിക്കിയു ഗോത്രവർഗ്ഗത്തിൽ മൂന്നു കലാപവിഭാഗങ്ങളുണ്ട്. ഗോത്രവർഗ്ഗങ്ങൾ തമ്മിലും ഓരോ ഗോത്രവർഗ്ഗത്തിനകത്തും കലാപം നടക്കുന്നുണ്ട്. പല കലാപകാരികൾക്കും രാഷ്ട്രീയ കൂട്ടുകെട്ടുണ്ടെന്നതും ഒരു

പേജ് 7

കവർസ്റ്റോറി

# ശാർമിളയുടെ ഉപവാസം ആറുവർഷം തികയുന്നു

**പൂ**ർവ്വേന്ത്യൻ സംസ്ഥാനങ്ങളിൽ നിലവിലുള്ള സായുധസേനാ പ്രത്യേകാധികാരനിയമം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മണിപ്പൂരിലെ ഐറോം ശാർമിള നടത്തിവരുന്ന ഉപവാസം ആറു കൊല്ലം പിന്നിടുന്നു. സായുധസേനക്ക് എന്തുചെയ്യാനും - കൊല്ലാനും - അധികാരം നൽകുന്ന ഒന്നാണ് ഈ പ്രത്യേകാധികാര നിയമം. ഇത്തരത്തിൽ കൊല്ലപ്പെട്ടവരും കാണാതായവരും ബലാത്സംഗത്തിന്നിരയായവരും എത്രയെന്നതിന്ന് കണക്കൊന്നുമില്ല. ഈ അതിക്രമങ്ങൾക്കെതിരെ കോടതിയെ സമീപിക്കാനാവില്ലെന്നതിനാൽ, എല്ലാം സഹിക്കുകയേ നിവൃത്തിയുള്ളൂ.

ഈ നിയമത്തിന്നെതിരെ 2000 നവമ്പറിലാണ് ശാർമ്മിള ഉപവാസമാരംഭിച്ചത്. ഉപവാസം നടത്തുന്നവരോട് സാധാരണ ചെയ്യാറുള്ളതുപോലെ ആത്മഹത്യാശ്രമം ആരോപിച്ചുകൊണ്ട് ശാർമിളയേയും അറസ്റ്റ് ചെയ്ത് തടവിലാക്കി. എന്നിട്ടും അവർ ഉപവാസം തുടർന്നതിനാൽ, മൂക്കിൽക്കൂടി ട്യൂബിട്ട് ദ്രവരൂപത്തിൽ ആഹാരം അകത്ത് കയറ്റുകയാണ് ചെയ്തുവരുന്നത്. 2000 നവമ്പറിന്നുശേഷം ശാർമിള ചുണ്ടുനനക്കുകപോലും ചെയ്തിട്ടില്ല. പല്ല് വൃത്തിയാക്കാൻ വെള്ളത്തിനു പകരം പഞ്ഞിയാണവർ ഉപയോഗിക്കുന്നത്.

മണിപ്പൂരിൽ 1980മുതൽ പ്രത്യേകാധികാരനിയമം നിലവിലുണ്ട്. തീവ്രവാദികൾ നടത്തുന്ന അതിക്രമങ്ങളെ അടിച്ചമർത്താനാണ് പട്ടാളത്തെ നിയോഗിച്ചിരിക്കുന്നത്. പക്ഷെ പട്ടാളക്കാരുടെ അതിക്രമങ്ങൾക്കിരയാകുന്നതിൽ 99 ശതമാനവും നിർദ്ദോഷികളായ ജനങ്ങളാണ്. 2000 നവമ്പർ 2ന്നാണ് ശാർമിളയുടെ ജീവിതത്തിലെ നിർണ്ണായക വഴിത്തിരിവിന്നിടയാക്കിയ സംഭവമുണ്ടായത്. മാലോം എന്ന സ്ഥലത്തുവച്ച് ആസാം റൈഫിൾസിന്റെ ലോറികൾക്ക്നേരെ തീവ്രവാദികളിലാരോ ബോംബെറിഞ്ഞു. കലികയറിയ പട്ടാളക്കാർ നാട്ടിൽ കണ്ടവരെയെല്ലാം വെടിവച്ചുകൊന്നു. അങ്ങനെ അന്നവിടെ പത്തു സിവിലിയന്മാർ കൊല്ലപ്പെട്ടു.

മണിപ്പൂരിൽ ഇത്തരം കൊലകൾ ഒരു പുതുമയല്ല. തീവ്രവാദികളെ വേട്ടയാടുന്നതിന്റെ മറവിൽ ജനങ്ങളെ ഭീകരമായി മർദ്ദിക്കുന്നതും സംശയത്തിന്റെ പേരിൽ നിർദ്ദോഷികളെ വെടിവച്ചുകൊല്ലുന്നതുമെല്ലാം അവിടെ സാധാരണയാണ്. എന്നാൽ ശാർമിളയെ സംബന്ധിച്ചിടത്തോളം മാലോം സംഭവം അവസാനത്തെ വൈക്കോൽതുരുമ്പായിരുന്നു. അങ്ങനെ അവർ പട്ടാളത്തിന്റെ അതിക്രമങ്ങൾക്കെതിരെ, പട്ടാളത്തിന്റെ പ്രത്യേകാധികാരനിയമത്തിന്നെതിരെ ഉപവാസമാരംഭിച്ചു.

അന്നുമുതൽ ശാർമിളയുടെ ദുർബ്ബലശരീരം ഒരു യുദ്ധക്കളമായി മാറിയിരിക്കുകയാണ്. ഉപവാസമാരംഭിച്ചപ്പോൾ ആത്മഹത്യാശ്രമം എന്ന കുറ്റംചുമത്തി അവരെ അറസ്റ്റുചെയ്തു. ജാമ്യത്തിൽ പോരാനും ഉപവാസം നിർത്താനും വിസമ്മതിച്ചതിനെത്തുടർന്ന് അവരെ ആസ്പത്രിയിലാക്കി മൂക്കിൽകൂടി ഭക്ഷണം നൽകാൻ തുടങ്ങി. ആറുകൊല്ലമായി ഇതു തുടർന്നുവരുന്നു. ആത്മഹത്യാകേസ് കോടതി പലതവണ തള്ളി; ശാർമിളയെ വിട്ടയക്കാൻ കോടതി കല്പിക്കും. എന്നാൽ പുറത്തു വന്നാലും അവർ ഉപവാസം തുടരും. വീണ്ടും ആത്മഹത്യാശ്രമത്തിന് അറസ്റ്റ്ചെയ്യും.

ശാർമിളയുടെ ആരോഗ്യസ്ഥിതി ഗുരുതരമാണ്. ശരീരം അതീവദുർബ്ബലമായിരിക്കുന്നു. 35 വയസ്സേ ആയുള്ളൂവെങ്കിലും കണ്ടാലൊരു വൃദ്ധയാണെന്നുതോന്നും. ഒരു മാസംമുമ്പ് ശാർമിളക്കെതിരായ

കേസ് കോടതി തള്ളി. ആസ്പത്രിയിലെ ജയിൽസെല്ലിൽനിന്ന് വിട്ടയക്കപ്പെട്ട ശാർമിള നേരിട്ടു ദൽഹിക്കാണ് പോന്നത്. അവരിപ്പോൾ ദൽഹിയിൽ ഉപവാസം തുടരുന്നു.

*കഴിഞ്ഞ മാർച്ചിൽ "തെഹൽക" യുടെ കവിത ജോഷി മണിപ്പൂരിലെ ആസ്പത്രിയിലെ ജയിൽസെല്ലിൽവച്ച് ശാർമിളയുമായി സംസാരിക്കുകയുണ്ടായി. അതിന്റെ പ്രസക്ത ഭാഗങ്ങൾ –*

ചോദ്യം: എന്തുകൊണ്ടാണ് ഈ ഉപവാസത്തിന്നു മുതിർന്നത്?

ഉത്തരം: എന്റെ മാതൃഭൂമിയെ രക്ഷിക്കാൻ. പട്ടാളത്തിന്റെ പ്രത്യേകാധികാരനിയമം പിൻവലിക്കുന്നതുവരെ ഉപവാസം നിർത്തില്ല.

ചോദ്യം: ഇതിനെന്താണ് കാരണമായത്?

ഉത്തരം: ഞാൻ ഒരു യോഗത്തിൽ പങ്കെടുക്കാൻ മാലോമിൽ പോയതായിരുന്നു. ഒരു സമാധാനറാലി സംഘടിപ്പിക്കുന്നതിനെപ്പറ്റി ആലോചിക്കാനുള്ളതായിരുന്നു യോഗം. പത്രങ്ങളുടെ മുൻപേജിൽ ശവശരീരങ്ങളുടെ ചിത്രങ്ങൾകണ്ട ഞാൻ നടുങ്ങിപ്പോയി. നിർദ്ദോഷികളായ ജനങ്ങൾക്കെതിരായ പട്ടാളത്തിന്റെ അതിക്രമങ്ങൾ തടയാൻ മറ്റൊരു മാർഗ്ഗവും കണ്ടില്ല.

ചോദ്യം: പക്ഷെ എന്തിനാണ് ഉപവാസത്തിനുമുതിർന്നത്?

ഉത്തരം: എനിക്കതേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. ഉപവാസം ആത്മീയാധിഷ്ഠിതമാണ്.

ചോദ്യം: ഇത് നിങ്ങളിൽ, നിങ്ങളുടെ ആരോഗ്യത്തിൽ, നിങ്ങളുടെ ശരീരത്തിൽ ആഘാതമേല്പിക്കില്ലേ?

ഉത്തരം: അതു സാരമില്ല. നമ്മെളെല്ലാം മരിക്കുന്നവരാണ്.

ചോദ്യം: ഏറ്റവും നല്ലമാർഗ്ഗം ഇതാണെന്ന് നിങ്ങൾക്ക് തീർച്ചയുണ്ടോ? നിങ്ങളുടെ ശരീരത്തെ പീഡിപ്പിക്കണോ?

ഉത്തരം: ഇതിൽ പീഡനമില്ല. ഇതൊരു ശിക്ഷയല്ല. ഇതെന്റെ കടമയാണെന്നു ഞാൻ കരുതുന്നു.

ചോദ്യം: ഉപവാസത്തെപ്പറ്റി നിങ്ങളുടെ കുടുംബാംഗങ്ങൾ എന്തു പറയുന്നു?

ഉത്തരം: അമ്മക്ക് എന്റെ തീരുമാനത്തെക്കുറിച്ച് നന്നായറിയാം. നിരക്ഷരയും പാവവുമാണെങ്കിലും എന്റെ കടമ നിറവേറ്റാൻ എന്നെ അനുവദിക്കുന്നതിന്നുള്ള ധൈര്യം അമ്മക്കുണ്ട്.

ചോദ്യം: നിങ്ങൾ എന്നാണ് അമ്മയെ കണ്ടത്?

ഉത്തരം: അഞ്ചുകൊല്ലംമുമ്പ് എന്റെ ദൗത്യം പൂർത്തിയാക്കിയിട്ടേ ഇനി കാണൂ എന്നു തീരുമാനിച്ചിട്ടുണ്ട്.

ചോദ്യം: രണ്ടുപേർക്കും ഇത് വല്ലാത്ത വിഷമമാണ്.

ഉത്തരം: വിഷമമല്ല. ഞാൻ അതെങ്ങനെയാണ് വിശദീകരിക്കുക? നമ്മളെല്ലാം ചില ദൗത്യവുമായാണ് ഇവിടെ വരുന്നത്. നമ്മെളെല്ലാം വരുന്നത് തനിച്ചാണ്.

ചോദ്യം: എന്തുകൊണ്ടാണ് നിങ്ങളെ കസ്റ്റഡിയിൽ വച്ചിരിക്കുന്നത്?

ഉത്തരം: അതു ഞാൻ വിചാരിച്ചിട്ടില്ല. ഇത് (ഉപവാസം) നിയമവിരുദ്ധമാണെന്ന് സർക്കാർ പറയുന്നു.

ചോദ്യം: സർക്കാർ പറയുന്നത് ഇത് ആത്മഹത്യാശ്രമമാണെന്നാണ്. അത് കുറ്റകരമാണ്.

ഉത്തരം: അവരങ്ങനെ കരുതുണ്ടാകാം. എന്നാൽ ആത്മഹത്യചെയ്യാൻ എനിക്ക് മനസ്സില്ല. എന്റെ ഉപവാസം ഒരു മാർഗ്ഗമാണ്. എനിക്ക് വേറെ മാർഗ്ഗമില്ല.

ചോദ്യം: ഇതിങ്ങനെ എത്ര തുടരാനാണ്?

ഉത്തരം: എനിക്കറിയില്ല. എങ്കിലും എനിക്കാശയുണ്ട്. സത്യത്തിന്നുവേണ്ടിയാണ് ഞാൻ നിലകൊള്ളുന്നത്. അവസാനം സത്യം വിജയിക്കുമെന്ന് ഞാൻ കരുതുന്നു. ദൈവം എനിക്ക് ധൈര്യം തരുന്നു. അതുകൊണ്ടാണ് ഞാനിപ്പോഴും ഇതുംവച്ച് ജീവിച്ചിരിക്കുന്നത് (മൂക്കിലെ ട്യൂബ് ചൂണ്ടിക്കാട്ടുന്നു.)

ചോദ്യം: ആസ്പത്രിയിൽ സമയം കഴിക്കുന്നതെങ്ങനെയാണ്?

ഉത്തരം: ഒരുപാടുനേരം യോഗാഭ്യാസത്തിന്ന് ചെലവഴിക്കുന്നു. എന്റെ ശരീര

ത്തേയും മനസ്സിനേയും ആരോഗ്യമുള്ള തായി നിലനിർത്താൻ അതു സഹായിക്കുന്നു. സാഹചര്യംകൊണ്ട് പലതും ശീലമാകും (ട്യൂബ് കാണിച്ചുകൊണ്ട്) ഇത് അസാധാരണമാണെങ്കിലും എനിക്ക് ശീലമായിരിക്കുന്നു.

ചോദ്യം: നിങ്ങൾക്കെന്തിലാണ് നഷ്ട ബോധം തോന്നുന്നത്.

ഉത്തരം: ജനങ്ങൾ. ഞാനിവിടെ തടവിലാണ്. അനുവാദം വാങ്ങാതെ ആർക്കും ഇവിടെ വരാൻ പറ്റില്ല.

ചോദ്യം: ഒരൊറ്റ ആഗ്രഹം മാത്രം അനുവദിക്കാമെന്നുപറഞ്ഞാൽ നിങ്ങൾ എന്താണ് ആവശ്യപ്പെടുക?

ഉത്തരം: എന്റെ ആഗ്രഹമോ? ഞങ്ങൾക്ക് സ്വയം നിർണ്ണയാവകാശം വേണം.

ചോദ്യം: പട്ടാളത്തിന്റെ പ്രത്യേകാധികാരനിയമം പിൻവലിക്കുമെന്ന് നിങ്ങൾ കരുതുന്നുണ്ടോ?

ഉത്തരം: എന്റെ ജോലി കഠിനമാണെന്ന് എനിക്കറിയാം എന്നാൽ സഹിക്കണം; ക്ഷമവേണം. എന്നെങ്കിലും ആ സന്തുഷ്ടദിനം വരാതിരിക്കില്ല. ഞാൻ ക്ഷമയോടെ കാത്തിരിക്കും. ❑

## ഒരു തിരുത്തൽ

കഴിഞ്ഞ ലക്കത്തിൽ "പ്രധാനമന്ത്രിക്ക് മൂക്കുകയറിടുന്ന ബ്യൂറോക്രസി" എന്ന ലേഖനത്തിന്റെ അവസാനഭാഗത്ത് (പേജ് 10) ഒരു തെറ്റുപറ്റിയിട്ടുണ്ട്. ആ ഭാഗം ഇങ്ങനെയാണ് -

ഈ വ്യാഖ്യാനപ്രകാരം ഉദ്യോഗങ്ങളിൽ 49 ശതമാനമല്ല, നൂറു ശതമാനവും സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. അതി ങ്ങനെയാണ് -

| | |
|---|---|
| ജനസംഖ്യയിൽ ഏഴരശതമാനം വരുന്ന പട്ടിക വർഗ്ഗക്കാർക്ക് | 7% |
| ജനസംഖ്യയിൽ 15 ശതമാനം വരുന്ന പട്ടികജാതിക്കാർക്ക് | 15% |
| ജനസംഖ്യയിൽ 52 ശതമാനം വരുന്ന മറ്റുപിന്നോക്ക സമുദായക്കാർക്ക് | 27% |
| ജനസംഖ്യയിൽ 25 ശതമാനം വരുന്ന മുന്നോക്ക സമുദായക്കാർക്ക് | 51% |

ഇത് നിയമവിരുദ്ധമാണ്. കാരണം മുന്നോക്ക സമുദായങ്ങൾക്ക് സംവരണമില്ല.

## *ജനാധിപത്യവും പട്ടാളനിയമവും......*

രഹസ്യമല്ല. ഈ കലാപ കോലാഹലങ്ങൾക്കിടയിൽ പട്ടാളക്കാരുടെ കലാപം കൂടിയായാൽ എന്തുണ്ടാകുമെന്നു പറയേണ്ടതില്ലല്ലോ. ഈ കലാപകാരികൾക്കെല്ലാം ബോംബെറിയാൻ ഒരു പൊതുലക്ഷ്യം ഉണ്ടായിത്തീരുന്നുവെന്നതു മാത്രമാണ് പട്ടാളത്തെക്കൊണ്ടുള്ള പ്രയോജനം.

ഒരു ജനാധിപത്യ സംവിധാനത്തിൽ പട്ടാളത്തെ മുൻനിർത്തി ഭരണം നടത്തുന്നത് ശരിയല്ല. പ്രതിസന്ധികളുടേതായ ഘട്ടത്തിൽ പട്ടാളത്തിന്റെ സേവനം ആവശ്യമായി വന്നേക്കാം; ആ പ്രതിസന്ധി തരണം ചെയ്യുന്നതോടെ പട്ടാളത്തെ പിൻവലിച്ചേ തീരൂ. പട്ടാളവും ജനാധിപത്യവും പരസ്പര വിരുദ്ധമായ രണ്ടു ഘടകങ്ങളാണ്. പട്ടാളത്തിന് ആധിപത്യമുള്ളേടത്ത് ജനാധിപത്യം മുച്ചൂടും മുടിഞ്ഞുപോകും. പൂർവ്വേന്ത്യൻ സംസ്ഥാനങ്ങളിൽ ജനാധിപത്യം പുലരണമെന്ന് ഗവൺമെന്റും ഇന്ത്യയിലെ ദേശീയകക്ഷികളും ആഗ്രഹിക്കുന്നുണ്ടെങ്കിൽ പട്ടാളത്തെ കയറൂരിവിടുന്ന പ്രത്യേകാധികാരനിയമം പിൻവലിക്കുകയാണ് ആദ്യമായി ചെയ്യേണ്ടതായിട്ടുള്ളത്. ക്രമേണ പട്ടാളത്തെ തന്നെ പിൻവലിക്കുകയും വേണം.

പട്ടാളം അതിർത്തി രക്ഷക്കുള്ളതാണ്. അതിർത്തിക്കകത്ത് പട്ടാളം വന്നാൽ, അവിടെ ജനാധിപത്യം പുലരില്ല. ❑

# വിവരാവകാശ നിയമത്തിലൂടെ പരിവർത്തനത്തിന്

**- അഞ്ജന രാജൻ -**

**അ**ഴിമതി ഒരു സ്വഭാവമായി ത്തീർന്നൊരു നാട്ടിലാണ് നാം ജീവിക്കുന്നത്. ഗാന്ധിജിയുടെ സത്യാഗ്രഹത്തെപ്പറ്റി നമുക്ക് ഓർമ്മയുണ്ട്; പക്ഷേ, ആ കാലമൊക്കെ കഴിഞ്ഞുവെന്ന് നാം കരുതുന്നു. സത്യം പറയുന്നതൊക്കെ വിഡ്ഢിത്തം; കൂസലെന്യേ തെറ്റുചെയ്യുന്നതാണ് ഫാഷൻ. ഗുണ്ടായിസം ഹീനമല്ല; പ്രായോഗികം മാത്രം. അതേസമയം, ഈ ഭരണസംവിധാനത്തെ നന്നാക്കിയെടുക്കുന്നതിന് സാധാരണക്കാർക്ക് ഒന്നും ചെയ്യാനാവില്ലെന്ന് നാം പറഞ്ഞുനടക്കുകയും ചെയ്യുന്നു. ഏതു രംഗത്തായാലും അഴിമതിയെ നാം ഒരു സമാന്തര സംവിധാനമായി അംഗീകരിക്കുന്നു. അങ്ങനെ നാമതിനെ ഒരു വ്യവസായമാക്കിയിരിക്കുകയാണ്.

ഈ മനോഭാവത്തെപ്പറ്റി അരവിന്ദ് കേസരിവാളിന്ന് നന്നായറിയാം. 'സാവധാനത്തിലുള്ള വിഷപ്രയോഗം' എന്നാണ് അദ്ദേഹം ഇതിനെപ്പറ്റി പറയുന്നത്. അതേസമയം, അതിനെ നേരിടാൻ അദ്ദേഹം ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്. കാരണം, പരിവർത്തനത്തിനുവേണ്ടിയാണ് അദ്ദേഹം നിലകൊള്ളുന്നത്.

ഉയർന്നുവരുന്ന പുതുനേതൃത്വത്തിനുള്ള ഇക്കൊല്ലത്തെ മാഗ്സേസേ അവാർഡ് നേടിയ അരവിന്ദ് 'പരിവർത്തൻ' എന്ന പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാവാണ്. നീതി ലഭിക്കാൻ വിവരാവകാശ നിയമത്തെ കരുവാക്കാൻ അദ്ദേഹം ജനങ്ങളെ പ്രേരിപ്പിക്കുന്നു.

അരവിന്ദിന് മാഗ്സേസെ അവാർഡ് ലഭിച്ചതിൽ ഒട്ടേറെപേർ ആഹ്ലാദഭരിതരാണ്. അതേസമയം, വ്യക്തികൾ കൈവരുത്തുന്ന നേട്ടങ്ങളെയെല്ലാം തകർത്ത് തരിപ്പണമാക്കാൻ അഴിമതിക്കാരനായ ഒരൊറ്റ രാഷ്ട്രീയ നേതാവിന് കഴിയുമെന്ന് ചിലർ വ്യാകുലപ്പെടുന്നു. രാഷ്ട്രീയത്തിൽ കൂടിയേ എന്തെങ്കിലും നന്മ കൈവരുത്താനാകൂ എന്നവർ കരുതുന്നു.

എന്നാൽ, അരവിന്ദിന്റെ സമീപനം വ്യത്യസ്തമാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇന്നത്തെ രാഷ്ട്രീയ സംവിധാനത്തിനാവില്ലെന്ന് അദ്ദേഹം പറയുന്നു. ഇവിടെ രണ്ടു സങ്കല്പങ്ങളുണ്ട്. പാർലിമെന്റിൽ 540 നല്ല മനുഷ്യരുണ്ടെങ്കിൽ, എല്ലാം ശരിയാവുമെന്ന വിശ്വാസമാണ് ഒന്ന്. രാഷ്ട്രീയത്തിൽ നല്ലവരാരുമില്ലെന്ന വിശ്വാസമാണ് രണ്ടാമത്തേത്. രണ്ടും തെറ്റാണ്. എന്നാൽ നമ്മുടെ രാഷ്ട്രീയ സംവിധാനത്തിന് എന്തോ തകരാറുണ്ടെന്ന് എനിക്കു തോന്നുന്നു. അതിൽ ചേർന്നിട്ടെന്താണ് കാര്യം? തദ്ദേശസ്വയംഭരണത്തിലേക്കൊരു പരിവർത്തനം കൈവരുത്താൻ നമുക്കു കഴിയണം എന്നദ്ദേഹം പറയുന്നു.

ഉത്തരവാദിത്വമെല്ലാം ജനങ്ങൾക്കു ഏല്പിച്ചുകൊടുക്കുകയാണ് വേണ്ടത്. അവർ അവരുടെ പ്രദേശത്തെ കാര്യങ്ങൾ നടത്തട്ടെ. ഏതാണ് ഒരു ആയിരം കുടുംബങ്ങൾ ഉൾപ്പെടുന്ന ഒരു സംഘടനയിലൂടെ ഭരണം നടത്താം. അധികാരവും ഉത്തരവാദിത്വവും തദ്ദേശീയമാകുമ്പോൾ, രാഷ്ട്രീയത്തോടുള്ള വിപ്രതിപത്തി ഇല്ലാതാകും. ഉത്തരവാദിത്വങ്ങൾ നിറവേറ്റാത്തവരെ പിരിച്ചുവിടാൻ ഈ സംഘടനക്കു അധികാരമുണ്ടായി

രിക്കണം. ഇതൊന്നും തന്റെ ആയുഷ്ക്കാലത്ത് നടക്കാൻ പോകുന്നില്ലെന്നും അരവിന്ദ് പറയുന്നു.

എന്തുതരം രാഷ്ട്രീയ സംവിധാനമാണ് നമുക്കുവേണ്ടതെന്ന് ആദ്യം തന്നെ നാം തീരുമാനിക്കണം; എന്നിട്ടതിനെ നിയമഭാഷയിലാക്കണം, അതിനുശേഷം അതിനുള്ള ആവശ്യം ഉന്നയിക്കണം. ആവശ്യം ജനങ്ങളിൽനിന്ന് ഉയർന്നുവരേണ്ടതുണ്ട് എന്ന് അദ്ദേഹം പറഞ്ഞു.

പ്രചോദിപ്പിക്കലാണ് പ്രധാന കാര്യം. രാഷ്ട്രീയ സംവിധാനം ജീർണിച്ചിട്ടും ജനങ്ങൾ അതറിയാതിരിക്കുന്നത് ആപൽക്കരമാണെന്ന് അരവിന്ദ് ഓർമ്മിപ്പിക്കുന്നു. ഒരുപാട് നൈരാശ്യബോധം ഇവിടെ കടന്നുകൂടിയിട്ടുണ്ട്. ചെറുക്കാനുള്ള ശ്രമംപോലും ജനങ്ങൾ കൈവെടിഞ്ഞിരിക്കുന്നു. നമുക്കൊന്നും ചെയ്യാനാവില്ലെന്ന് ജനങ്ങൾ കരുതുന്നു. അതുകൊണ്ട് അവർ ആരേയും ചോദ്യം ചെയ്യുന്നില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഐ.ഐ.ടിയിൽനിന്ന് ബിരുദം നേടിയ അരവിന്ദ് ആദായനികുതിവകുപ്പിൽ ജോയിന്റ് കമ്മീഷണറായി പ്രവർത്തിച്ചുവരികയായിരുന്നു. 'ഞാനും ഒരു സിനിക്കായിരുന്നു. പക്ഷേ, മനസ്സ് വല്ലാതെ പിടയുകയായിരുന്നു' എന്ന് അദ്ദേഹം പറഞ്ഞു. ആദായനികുതിവകുപ്പ് പണ്ടേ കുപ്രസിദ്ധമാണ്. അരവിന്ദിനെപ്പോലെ സത്യസന്ധനായ ഒരാളെ അവിടെ പൊറുപ്പിക്കുമായിരുന്നില്ല. എന്നാൽ മറിച്ചാണുണ്ടായതെന്ന് അരവിന്ദ് പറയുന്നു. തന്നെ പിന്താങ്ങിയ ഒട്ടേറെ നല്ല മനുഷ്യർ തന്റെ വകുപ്പിലുണ്ടായിരുന്നുവെന്നും അവരെല്ലാം ദയാപൂർവമാണ് പെരുമാറിയതെന്നും അരവിന്ദ് വെളിപ്പെടുത്തി.

ആന്തരാ എല്ലാവരും നേർവഴി ഇഷ്ടപ്പെടുന്നവരാണെന്ന് അദ്ദേഹം പറഞ്ഞു. അഴിമതിക്കാരായി കണക്കാക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർപോലും ആന്തരാ വിവരാവകാശ നിയമത്തെ പിന്താങ്ങുന്നവരാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. വിവരാവകാശനിയമം പ്രാബല്യത്തിൽവന്നത് തനിക്കും സഹപ്രവർത്തകർക്കും പ്രത്യാശയുളവാക്കുന്നു. രാഷ്ട്രീയ സംവിധാനത്തെ പിടിച്ചുകുലുക്കാനൊന്നും കഴിഞ്ഞിട്ടില്ലെങ്കിലും പലതും തങ്ങൾക്ക് ചെയ്യാനാവുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

പണ്ട് റേഷൻകാർഡ് കിട്ടിയില്ലെങ്കിൽ കൈക്കോഴ കൊടുത്ത് കാർഡ് വാങ്ങുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ഇന്ന് അതല്ല സ്ഥിതി. സുന്ദർനഗരി പ്രദേശത്ത് പലർക്കും റേഷൻ കിട്ടാറില്ല. വിവരാവകാശ നിയമപ്രകാരം അപേക്ഷ കൊടുത്തപ്പോൾ കാര്യം പെട്ടെന്ന് ശരിയായി എന്ന് അരവിന്ദ് പറഞ്ഞു.

എന്നാൽ കാര്യങ്ങൾ സുഗമമാണെന്നൊന്നും ആരും ധരിക്കേണ്ടതില്ല. അരവിന്ദന്റെ സംഘത്തിൽപ്പെട്ട വോളണ്ടിയർമാർ ഇതിനകം ഏഴുതവണ ആക്രമിക്കപ്പെട്ടിട്ടുണ്ട്. ഒരാളുടെ കഴുത്തിന് വെട്ടേറ്റു.

വിവരാവകാശനിയമം കൊണ്ടുമാത്രം കാര്യം ശരിയാവില്ലെന്ന് അരവിന്ദ് ഓർമ്മിപ്പിച്ചു. ഓരോ പ്രദേശത്തേയും ജനങ്ങൾ സ്വയം ഭരണഭാരമേൽക്കണം. ഈ പ്രാതിനിധ്യ സമ്പ്രദായത്തിൽനിന്ന് പ്രത്യക്ഷ ജനാധിപത്യത്തിലേക്ക് നാം വളരേണ്ടതുണ്ട് എന്നാണ് അരവിന്ദ് പറഞ്ഞത്.

'പരിവർത്തൻ' എന്നത് ഒരു സർക്കാരേതര സംഘടനയൊന്നുമല്ല. അത് രജിസ്റ്റർ ചെയ്തിട്ടുമില്ല. അതൊരു ജനകീയ പ്രസ്ഥാനമാണ്. ഏഴു വോളണ്ടിയർ മാത്രമാണതിലുള്ളത്. ഇത് വികസിപ്പിക്കാനും പ്ലാനില്ല. എന്തെങ്കിലും ചെയ്യണമെന്ന് താല്പര്യമുള്ളവർ സ്വന്തം സംഘടനയുണ്ടാക്കട്ടെ എന്ന നിലപാടാണ് പരിവർത്തൻ സ്വീകരിച്ചിരിക്കുന്നത്.

➪ പേജ് 13

# ആദിവാസികളുടെ പ്രശ്നം: ഒരു ആസ്ത്രേലിയൻ അനുഭവം

- ഗൗരവ് ഗുപ്ത -

ആസ്ത്രേലിയയിലെ ആദിവാസികളുടെ കൂടെ ദീർഘകാലം കഴിച്ചുകൂട്ടിയ ഒരാളെന്ന നിലക്ക്, ഇന്ത്യയിൽ ഒരു ആദിവാസിബിൽ പാസാക്കിയെടുക്കാൻ നടത്തിവരുന്ന ഭഗീരഥപ്രയത്നം എന്നിൽ ഖേദമാണുളവാക്കുന്നത്. പണ്ട് ആസ്ത്രേലിയയിൽ പരീക്ഷിച്ചതും പാടെ പരാജയപ്പെട്ടതുമായ ഒരു ഉദ്യമമാണിത്.

ആസ്ത്രേലിയൻ ജനസംഖ്യയിൽ ഒന്നര ശതമാനമേ ആദിവാസികളായിട്ടുള്ളൂ. എന്നാൽ ഭൂപ്രദേശത്തിന്റെ പതിനഞ്ചു ശതമാനത്തിലേറെ അവരുടെ അധീനത്തിലാണ്. എന്നിട്ടും അവർക്ക് പ്രത്യേകിച്ച് സമ്പാദ്യമൊന്നുമില്ല. കാരണം? ഭൂമികൈമാറുന്നതോടൊപ്പം കൃഷി നടത്താനുള്ള വിദ്യ കൈമാറ്റം ചെയ്യപ്പെടുന്നില്ല. ആസ്ത്രേലിയയിൽ ഞങ്ങൾ മനസ്സിലാക്കാതിരിക്കുന്നതും ഇന്ത്യയിലെ പുതിയ ആദിവാസിബിൽ ഉൾകൊള്ളാത്തതുമായ ഒരുകാര്യമുണ്ട്. ഇന്നത്തെ ആദിവാസിക്ക് ഭൂമി കിട്ടുക എന്നത് ലക്ഷ്യമോ മാർഗ്ഗമോ അല്ല എന്നതാണത്.

ആദിവാസി ബില്ലിനെ ചൊല്ലി ബഹളം കൂട്ടുന്ന പരിരക്ഷണവാദികൾക്കുമാത്രമല്ല, ആദിവാസികൾക്കുതന്നേയും ആസ്ത്രേലിയൻ അനുഭവം ഒരുമുന്നറിയിപ്പാകേണ്ടതാണ്. ആദിവാസിക്ക് ഭൂമിനൽകി എന്നതുകൊണ്ട്മാത്രം അവർക്ക് അവരുടെ നഷ്ടപ്പെട്ട സംസ്കാരമോ സാമ്പത്തിക ഭദ്രതയോ വീണ്ടെടുക്കാനാവില്ല. വാസ്തവത്തിൽ നേരെ മറിച്ചാണ് സംഭവിച്ചത്. മുമ്പ് ഉല്പാദനക്ഷമമായിരുന്ന ഭൂമികൾ ആദിവാസികളെ ഏല്പിച്ചതോടെ അവ തരിശായി മാറി. കിട്ടിയ ഭൂമിയിൽ കൃഷി നടത്താൻ ആദിവാസിക്കറിയില്ല; അതിനുള്ള വിദ്യാഭ്യാസമോ പരിശീലനമോ അവർക്കില്ല; തങ്ങൾക്ക് ആദ്യം വേണ്ടത് വിദ്യാഭ്യാസവും തൊഴിലുമാണെന്ന് ആദിവാസിനേതാക്കൻമാർതന്നെ പറയുന്നു. ഭൂമിക്കതിൽ ഒരു സ്ഥാനവുമില്ല.

പണ്ട് ആദിവാസികളോട് കാണിച്ച അതിക്രമങ്ങൾക്കുള്ള പ്രായശ്ചിത്തമെന്ന നിലയിൽ ആസ്ത്രേലിയൻ ഗവർമ്മേണ്ടും ജനങ്ങളും കോടിക്കണക്കിനു ഡോളർ ചെലവാക്കിയിട്ടുണ്ട്. അവർക്ക് ഭൂമി നൽകി; ഉദാരമായി പണം നൽകി. ആദിവാസികളോട് നീതികാണിക്കുന്നതിനു പുറമെ സാമ്പത്തികവികസനം കൂടി ലക്ഷ്യമാക്കിയായിരുന്നു ഇതെല്ലാം. ആദിവാസികൾ അവരുടെ പഴയ ജീവിതരീതിയിലേക്ക് തിരിച്ചുവരുമെന്നും അതോടൊപ്പം പുത്തൻ സമ്പദ്‌വ്യവസ്ഥയുടെ ആരോഗ്യ-സേവനസൗകര്യങ്ങൾ ഉപയോഗപ്പെടുത്തുമെന്നുമെല്ലാമാണ് പ്രതീക്ഷിച്ചിരുന്നത്.നിർഭാഗ്യമെന്നുപറയട്ടെ, ഇതുകൊണ്ടൊന്നും ഒരു ഫലവുമുണ്ടായില്ലെന്നല്ല, സ്ഥിതിഗതികൾ ഇപ്പോൾ കൂടുതൽ വഷളാകുകയും ചെയ്തിരിക്കുന്നു. ആസ്ത്രേലിയ ലോകത്തിലെ ഏറ്റവും സമ്പന്നമായ രാജ്യങ്ങളിലൊന്നായി വളർന്നപ്പോൾ ആദിവാസികളുടെ സ്ഥിതി അനുക്രമം മോശമായി വരികയാണു ചെയ്യുന്നത്. അവരുടെ ആയുർദൈർഘ്യം 55 ആയി ഇടിയുക പോലും ചെയ്തിട്ടുണ്ട്.

കുറച്ചുകൊല്ലങ്ങൾക്കുമുമ്പ് ആസ്ത്രേലിയയിലെ ഒരു ആദിവാസി സമൂഹത്തെ ഞാൻ സഹായിക്കുകയുണ്ടായി. ആദിവാസികൾക്കു കിട്ടിയ ഒരു ഭൂ പ്രദേശം ഒരു ഖനന കമ്പനിക്ക് ഏൽപ്പിച്ചുകൊടുക്കുന്ന പ്രശ്നം സംബന്ധിച്ചായിരുന്നു ചർച്ച, ഗവർമ്മേണ്ടിൽ നിന്ന് ഭൂമി വിട്ടുകിട്ടുമ്പോൾ അതുകൊണ്ട് എന്തുചെയ്യാനാണ് ഉദ്ദേശ്യമെന്ന് ഞാൻ അവരോട് ചോദിച്ചു. "പരമ്പരാഗതമായ ജീവിതരീതി"യിലേക്കുമടങ്ങാൻ ആരും

താല്പര്യം കാണിച്ചില്ല. ഈ ഭൂമി കൊണ്ട് ബിസിനസ്സ് സൗകര്യങ്ങൾ ഉണ്ടാക്കണമെന്നും കുട്ടികളെ പഠിപ്പിക്കണമെന്നും, വാർധക്യകാലത്ത് ഉപജീവനമാർഗ്ഗം ഉണ്ടാക്കണമെന്നും മറ്റുമാണ് അവർ ആവശ്യപ്പെട്ടത്. ആദിവാസികൾ കർഷകരല്ല. ഭൂമിയിൽ നിന്നും പണമുണ്ടാക്കാനുള്ള വിദ്യ അവർക്കറിയില്ല. അപ്പോൾ ഞങ്ങൾ ലളിതമായൊരു പോംവഴി നിർദ്ദേശിച്ചു. അതിതാണ്.

ഗവർമ്മേണ്ട് തരുന്ന ഭൂപ്രദേശം ഏറ്റെടുക്കുക; അതിനുശേഷം ഏതെങ്കിലും കർഷകന് അത് ലേലം ചെയ്തുനൽകുക. ഏറ്റവും വലിയ സംഖ്യ നൽകാൻ തയ്യാറുള്ള കർഷകന് ഭൂമി നൽകാം. അതേ സമയം ആ പ്രദേശത്ത് വേട്ടയാടാനും മീൻപിടിക്കാനുമുള്ള അവകാശം ആദിവാസികൾക്കുതന്നെയായിരിക്കും. അതായത് അവർക്ക് അവരുടെ സാംസ്കാരിക പൈതൃകം നിലനിർത്താം. അതോടൊപ്പം ഭൂമി ലേലത്തിൽ പിടിച്ച കർഷകർ ആദിവാസികൾക്ക് തൊഴിൽ നൽകണം. ഈ ഇടപാടിൽ നിന്നുകിട്ടിയ പണം ഒരു ട്രസ്റ്റിൽ നിക്ഷേപിച്ച്, ആദിവാസികളുടെ വിദ്യാഭ്യാസത്തിന്നും മുതിർന്നവർക്ക് ബിസിനസ്സ് ആരംഭിക്കുന്നതിനും ഉപയോഗിക്കാം. ഈ ട്രസ്റ്റിന്റെ സഹായത്തോടെ ആരംഭിച്ച രണ്ടു ബിസിനസ്സ് സ്ഥാപനങ്ങൾ ഇപ്പോൾ വിജയകരമായി പ്രവർത്തിച്ചുപോരുന്നുണ്ട്.

നേരെ മറിച്ചാണ് മറ്റുപ്രദേശങ്ങളിലെ അനുഭവം. ഗവർമ്മേണ്ട് വിട്ടുകൊടുക്കുന്ന തോട്ടങ്ങൾ ആദിവാസികൾ ഏറ്റെടുക്കുന്നു. പക്ഷേ അതു നടത്തിക്കൊണ്ടുപോകാനുള്ള വൈദഗ്ധ്യം അവർക്കില്ല. അല്പകാലത്തിന്നകം തോട്ടം വെറും തരിശായി മാറും.

ഇതിൽനിന്നു പഠിക്കേണ്ടപാഠം വ്യക്തമാണ്. പണ്ട് ആദിവാസികളോട് കാണിച്ച തെറ്റിന് പരിഹാരം ഉണ്ടാക്കിയാൽ മാത്രം പോരാ, കാരണം ആദിവാസിയോട് അനീതി കാണിച്ചതിന്നും, അതിന്ന് പരിഹാരമുണ്ടാക്കിയതിന്നും ഇടയിൽ കാലമേറെ കൊഴിഞ്ഞുപോയിട്ടുണ്ട്; ചുറ്റുപാടുമുള്ള ലോകം ആകെ മാറിപ്പോയിരിക്കുന്നു.

ആദിവാസികൾക്ക് "ഇന്നലെ"യെ വീണ്ടെടുത്തു കൊടുക്കുകയല്ല, ഇന്നത്തെ ആദിവാസികൾക്ക് എന്താണാവശ്യമെന്ന് മനസ്സിലാക്കുകയാണ് നാം ചെയ്യേണ്ടത്. ഒരു ആദിവാസിയോട് അയാൾക്കെന്താണ് ആവശ്യമെന്ന് ചോദിച്ചുനോക്കൂ. മറ്റേതൊരുമനുഷ്യനേയുമെന്നപോലെ ആദിവാസിയും സുരക്ഷിതമായൊരു ഉപജീവനമാർഗ്ഗം ആവശ്യപ്പെടുമെന്നാണ് ഞാൻ ഉറച്ചു വിശ്വസിക്കുന്നത്. ജീവിക്കാനൊരു മാർഗ്ഗവും തങ്ങളുടെ കുട്ടികൾക്ക് തങ്ങൾക്ക് ലഭ്യമായതിനേക്കാൾ മെച്ചപ്പെട്ട അവസരങ്ങളും ലഭിക്കണമെന്ന് ആഗ്രഹിക്കാത്തവരുണ്ടാവില്ല. ഇതു രണ്ടും നേടാൻ സഹായിക്കുന്നതല്ല പാർലമെന്റ് മുമ്പാകെയുള്ള ആദിവാസി ബിൽ. ഇന്നത്തെ നിലക്കാണെങ്കിൽ, ദീർഘദൃഷ്ടിയില്ലാതെ തയ്യാറാക്കിയിരിക്കുന്ന ഈ ബിൽ ഭൂമിയെ എന്നെന്നേക്കുമായി നശിപ്പിക്കാനേ സഹായിക്കൂ. തൽക്കാലം നാലു കാശുകിട്ടാനായി നിലവിലുള്ള കാടെല്ലാം വെട്ടിവിൽക്കും.

വിദ്യാഭ്യാസമോ കൃഷിചെയ്യാനുള്ള അറിവോ ഇല്ലാത്ത സാഹചര്യത്തിൽ ആദിവാസികൾക്കുനൽകുന്ന ഭൂമി ലേലത്തിൽ വിൽക്കുന്നതാണ് അഭികാമ്യം. ആദിവാസിക്ക് വനത്തിൽ വേട്ടയാടാനും വനവിഭവങ്ങൾ ശേഖരിക്കാനും അനുമതി നൽകാം. അതിന്ന് ഭൂമിയുടെ ഉടമസ്ഥാവകാശം കിട്ടേണ്ടകാര്യമില്ല. ആദിവാസിക്കാര്യത്തിൽ ആസ്ത്രേലിയക്കുപറ്റിയ തെറ്റ് ഇന്ത്യയിൽ ആവർത്തിക്കപ്പെടില്ലെന്ന് ഞാൻ ആശിക്കുന്നു. അതല്ലെങ്കിൽ, ആദിവാസികളോട് കാണിച്ച അനീതി ഇനിയും പെരുകികൊണ്ടേയിരിക്കും.

(ആദിവാസിക്കാര്യത്തിൽ ആസ്ത്രേലിയൻ ഗവർമ്മേണ്ടിനെ ഉപദേശിക്കുന്ന കേപ് യോർക്ക് ഇൻസ്റ്റിട്യൂട്ടിന്റെ ഡപ്യൂട്ടി ഡയറക്ടറായിരുന്നു ലേഖകൻ)

❏

# റൂത്ത് മനോരമക്ക് ബദൽ നോബൽ


റൂത്ത് മനോരമ

ഇന്ത്യയിലെ ദളിത് നേതാവായ റൂത്ത് മനോരമ, അമേരിക്കയിൽ അഴിമതിക്കെതിരെ പോരാടുന്ന ഡാനിയേൽ എൽസ് ബർഗ്, കൊളമ്പിയയിലെ മാഫിയാ നഗരമായ മെഡെല്ലിനിലെ 'കവിതോത്സവ പ്രസ്ഥാനം' എന്നിവർ ഇക്കൊല്ലത്തെ റൈറ്റ് ലൈവ്‌ലി ഹുഡ് അവാർഡിന് അർഹമായിരിക്കുന്നു.

ഒരു സ്വീഡിഷ് ജർമ്മൻ പ്രഫഷണലായ ജേക്കബ് വോൺ ഉവെക്സൽ 1980ൽ സ്ഥാപിച്ച ഈ അവാർഡ് ബദൽ നോബൽ എന്ന പേരിൽ വിഖ്യാതമാണ്. ഡിസംബറിൽ സ്വീഡിഷ് പാർലിമെന്റിൽവച്ച് അവാർഡ് നൽകും. 20 ലക്ഷം ക്രോണർ (125 ലക്ഷം ക) ആണ് അവാർഡുതക.

ഇവർക്കു പുറമെ 'ലോക സോഷ്യൽ ഫോറം' സംഘടിപ്പിക്കുന്നതിന് മുൻകൈയെടുത്ത ചിക്കോ വിറ്റേക്കർ ഫെറീറ (ബ്രസീൽ) ഓണററി അവാർഡിനും അർഹമായി. സാമൂഹ്യനീതിക്കുവേണ്ടി ജീവിതകാലം മുഴുവൻ ചെലവാക്കുകയും ജനാധിപത്യത്തെ ശക്തിപ്പെടുത്തുകയും 'മറ്റൊരു ലോകം സാധ്യമാണെന്ന്' തെളിയിച്ച ലോക സോഷ്യൽ ഫോറം സംഘടിപ്പിക്കുകയും ചെയ്തതിനാണ് ഫെറീറക്ക് അവാർഡ്.

40 രാജ്യങ്ങളിൽനിന്ന് നോമിനേറ്റ് ചെയ്യപ്പെട്ട 73 പേരിൽനിന്നാണ് അവാർഡിനർഹരായവരെ തിരഞ്ഞെടുത്തത്.

അമേരിക്കൻ ദേശരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥനായിരുന്ന എൽസ് ബർഗ് 1971ൽ വിയറ്റ്നാം യുദ്ധം സംബന്ധിച്ച രഹസ്യരേഖകൾ പത്രങ്ങൾക്ക് ചോർത്തി കൊടുത്തതാണ് വിയറ്റ്നാം യുദ്ധത്തിന് അറുതിവരുത്തിയത്. പെന്റഗൺ പേപ്പേഴ്സ് എന്ന പേരിൽ പ്രസിദ്ധമായ ഈ രേഖകൾ പുറത്തായതോടെ അമേരിക്കൻ ഗവൺമെന്റ് ജനങ്ങളോട് നുണപറഞ്ഞു വരികയാണെന്ന് തെളിഞ്ഞു. തനിക്കറിയാവുന്ന കാര്യം യഥാസമയം പുറത്തുപറഞ്ഞിരുന്നുവെങ്കിൽ വിയറ്റ്നാം യുദ്ധം തന്നെ ഒഴിവാക്കാമായിരുന്നുവെന്ന് എൽസ് ബർഗ് പറയുന്നു. പക്ഷേ, അന്നതിന് ധൈര്യം വന്നില്ല.

എൽസ് ബർഗ് ഇപ്പോൾ 'സത്യഭാഷണ പദ്ധതി' എന്നൊരു പ്രസ്ഥാനം ആരംഭിച്ചിട്ടുണ്ട്. ഇറാഖ് യുദ്ധത്തിന് തൊട്ടുമുമ്പാണ് ഇതാരംഭിച്ചത്.

അവാർഡ് നേടിയ റൂത്ത് മനോരമ ദളിത് സ്ത്രീകളുടെ നാഷണൽ ഫെഡറേഷന്റെ പ്രസിഡന്റാണ്. ദളിതുകളിൽ ദളിതുകളാണ് ദളിത് സ്ത്രീകളെന്ന് മനോരമ പറയുന്നു.

1952ൽ മദ്രാസിലാണ് മനോരമ ജനിച്ചത്. സവർണരുടെ പീഡനങ്ങളിൽനിന്ന് രക്ഷപ്പെടാനായി ക്രിസ്തുമതം സ്വീകരിച്ചവരാണ് മനോരമയുടെ മാതാപിതാക്കൾ. പിതാവ് പോൾ ധനരാജ് തപാൽവകുപ്പിൽ ജീവനക്കാരനായിരുന്നു. അമ്മ ഡൊറോത്തി ഒരു അധ്യാപികയും. മനോരമക്ക് നാലു സഹോദരിമാരും മൂന്നു സഹോദരന്മാരുമുണ്ട്.

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം

ചെയ്തുവെങ്കിലും ഡൊറോത്തി പണ്ഡിത രമാബായിയുടെ ഒരു ആരാധ കയായിരുന്നു. രമാബായിയുടെ മൂത്ത മക ളുടെ പേരാണ് മനോരമ എന്നത്. ഡെറോത്തി തന്റെ മകൾക്കും ആ പേരിട്ടു. റൂത്ത് എന്നതിന് ഹീബ്രുഭാഷയിൽ സുഹൃത്ത് എന്നാണർത്ഥം.

മാതാപിതാക്കൾക്ക് വിദ്യാഭ്യാസത്തിന്റെ വിലയറിയാമായിരുന്നതിനാൽ കുട്ടികളെ യെല്ലാം പഠിപ്പിച്ച് നല്ല നിലയിലെത്തിച്ചു തങ്ങളുടെ കുട്ടികൾ മറ്റു ദളിതുകൾക്ക് ഒരു മാതൃകയാകണമെന്ന് അവർ ആഗ്രഹിച്ചി രുന്നു.

സാമൂഹ്യ പ്രവർത്തനത്തിൽ എം എ ബിരുദം നേടിയശേഷമാണ് റൂത്ത് പൊതു പ്രവർത്തനത്തിന്നിറങ്ങിയത്. ആദ്യം മദ്രാ സിലെ ചേരികളിലായിരുന്നു പ്രവർത്തനം. പിന്നീട് ബാംഗ്ളൂരിൽ ഗൃഹകർമ്മികാ സംഘം എന്ന പേരിൽ വീട്ടുജോലിക്കാ രുടെ ട്രേഡ് യൂണിയനുണ്ടാക്കി. അതോ ടൊപ്പം 'വിമൻസ് വോയ്സ്' എന്നൊരു പ്രസ്ഥാനത്തിനും അവർ രൂപം നൽകി. 1986ൽ ഇന്ത്യയിലെ ദളിത് സ്തീകളുടേയും അമേരിക്കയിലെ കറുത്തവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളുടേയും ജീവിതങ്ങൾ തമ്മിൽ ഒരു താരതമ്യ പഠനത്തിന് അവസരം കിട്ടി.

1993ൽ ദളിത് സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെക്കുറിച്ച് ബാംഗളൂരിൽ ഒരു തെളിവെടുപ്പു നടത്തി. ദളിത് സ്ത്രീകളുടെ നാഷണൽ ഫെഡറേഷൻ രൂപം കൊണ്ടത് ഇതിനെ തുടർന്നാണ് ഏഷ്യൻ വനിതാ മനുഷ്യാവകാശ കൗൺസിലിലും റൂത്ത് സജീവമാണ്.

അസംഘടിത മേഖലയിലെ ട്രേഡ് യൂണിയനുകളെ ഏകോപിപ്പിച്ച് രൂപീക രിച്ച 'നാഷണൽ സെന്റർ ഫോർ ലേബറി'ന്റെ നേതാവായ എൻ.പി.സാമി യാണ് റൂത്തിന്റെ ഭർത്താവ്. ഇവർക്ക് രണ്ടു പുത്രിമാരുമുണ്ട്. രണ്ടുപേരും കോള ജിൽ പഠിക്കുന്നു.

വിമൻസ് വോയ്സിന്റെ ജനറൽ സെക്ര ട്ടറി, വിമൻസ് നാഷണൽ അലയൻസിന്റെ പ്രസിഡന്റ്, ക്രിസ്ത്യൻ ദളിൽ ലിബറേ ഷൻ മൂവ്മെന്റിന്റെ ജോയിന്റ് സെക്രട്ടറി, കർണാടക സ്ലം ഡ്വല്ലേഴ്സ് ഫെഡറേഷന്റെ സെക്രട്ടറി, നാഷണൽ സെന്റർ ഫോർ ലേബറിന്റെ ഓർഗനൈസേഷൻ സെക്രട്ടറി എന്നീ നിലകളിലെല്ലാം റൂത്ത് ഇന്ത്യയി ലാകെ ഓടി നടന്ന് പ്രവർത്തിച്ചുവരുന്നു.

ഏറ്റവും ദരിദ്രരായവരിൽവച്ച് ഏറ്റവും ദരിദ്രരായവരും ഏറ്റവും അധഃസ്ഥിതരായ വരിൽവച്ച് ഏറ്റവും അധഃസ്ഥിതരുമാണ് ദളിത് സ്ത്രീകളെന്ന് റൂത്ത് ഓർമ്മിപ്പി ക്കുന്നു. ഇവരുടെ അവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനുംവേണ്ടിയാണ് താൻ പ്രവർത്തിക്കുന്നതെന്ന് അവർ പറഞ്ഞു.

❑

## *വിവരാവകാശ നിയമത്തിലൂടെ.....*

'ഇതുവരെ ഞങ്ങളെല്ലാം നിസ്സഹായരായിരുന്നു. ഗവൺമെന്റിനേയും നേതാ ക്കന്മാരേയും വിമർശിക്കൽ മാത്രമായിരുന്നു പണി. നമുക്കിനി ഗവൺമെന്റിനെ ചോദ്യം ചെയ്യാം. നിങ്ങൾ മകന് 10 രൂപ കൊടുത്താൽ അതുകൊണ്ട് എന്തുചെ യ്തുവെന്ന് നിങ്ങൾ ആരായും. അതുപോലെ നിങ്ങളുടെ കോളനിയെപ്പറ്റി ചോദി ച്ചുനോക്കൂ. അതൊന്നു പരീക്ഷിച്ചുനോക്കൂ' എന്ന് അരവിന്ദ് പറഞ്ഞു.

(2000 ജനുവരിയിൽ രൂപംകൊണ്ട 'പരിവർത്തൻ' എന്ന സന്നദ്ധ സംഘടന യിൽ ഏഴു വോളണ്ടിയർമാരാണുള്ളത്. അരവിന്ദിനു പുറമെ ഡൽഹിയിലെ ഒരു ജേർണലിസ്റ്റായ മനീഷ് ശിശോദിയ, ഒരു ചെറുകിട ബിസിനസുകാരനായിരുന്ന രാജീവ് ശർമ്മ, 'അപ്നപന്ന' എന്ന പാക്ഷികത്തിന്റെ പത്രാധിപരായ രേഖാകോലി തുടങ്ങിയവരും പ്രവർത്തനരംഗത്തുണ്ട്. മേൽവിലാസം: പരിവർത്തൻ, ജി–3/17, സുന്ദർ നഗരി, ഡൽഹി – 93.)

❑

# കോളകമ്പനിക്കാർ നടത്തിയ ഒരട്ടിമറിയുടെ കഥ

ഇന്ത്യൻ സ്റ്റാൻഡേർഡ് ബ്യൂറോവിന്റെ ശീതളപാനീയ കമ്മിറ്റിയുടെ ഒരു യോഗം 2006 മാർച്ച് 29ന്ന് രാവിലെ ദൽഹിയിൽ ചേർന്നു. ശീതളപാനീയങ്ങളുടെ നിലവാരം നിശ്ചയിക്കുന്നതിന്നായി മൂന്നുകൊല്ലംമുമ്പ് നിയമിക്കപ്പെട്ട ഒരു കമ്മിറ്റിയാണിത്. ഈ കമ്മിറ്റി ഇരുപതിൽപരം തവണ യോഗം ചേർന്ന് ചർച്ചകൾ നടത്തിയിരുന്നു. ഏറ്റവും ഒടുവിലത്തെ യോഗം 2005 ഒക്ടോബറിൽ മൈസൂരിലെ ഡിഫൻസ് ഫുഡ് റിസർച്ച് ലബോറട്ടറിയിലാണ് നടന്നിരുന്നത്. ശീതളപാനീയങ്ങളിൽ എന്തെല്ലാം എത്രയെല്ലാം ഉണ്ടാകാമെന്ന് അതിന്നകം തീരുമാനിച്ചുകഴിഞ്ഞിരുന്നു. ഈ തീരുമാനങ്ങൾക്ക് അവസാനമായി അംഗീകാരം നൽകുന്നതിന്നുള്ള യോഗമായിരുന്നു മാർച്ച് 29ന് ദൽഹിയിൽ ചേർന്നിരുന്നത്.

കമ്മിറ്റി രാവിലെ സമ്മേളിച്ചപ്പോൾ, കമ്മിറ്റിമുമ്പാകെ ആദ്യം വന്നത് ഒരു കത്താണ്. ആ കത്തിന്റെ തിയ്യതിയും 2006 മാർച്ച് 29 എന്നായിരുന്നു. കേന്ദ്രആരോഗ്യമന്ത്രി കാര്യാലയ സെക്രട്ടറിയുടെ കത്തായിരുന്നു അത്; അതാകട്ടെ, ഉപഭോക്തൃമന്ത്രി കര്യാലയ സെക്രട്ടറിക്കുള്ളതുമായിരുന്നു. ശീതളപാനീയങ്ങൾക്ക് നിലവാരം നിശ്ചയിക്കുന്നത് മാറ്റിവയ്ക്കണമെന്നതായിരുന്നു കത്തിലെ ആവശ്യം.

പഞ്ചസാരയിലെ കീടനാശിനികളുടെ അവശിഷ്ടം സംബന്ധിച്ചു പഠിക്കാനായി നിയുക്തമായിട്ടുള്ള വിദഗ്ദ്ധ കമ്മിറ്റി അവരുടെ ഇടക്കാല റിപ്പോർട്ടിനെപ്പറ്റി ചർച്ചചെയ്യാൻ അടുത്തുതന്നെ യോഗം ചേരുമെന്നും, ശീതളപാനീയങ്ങളുടെ നിലവാരം നിർണ്ണയിക്കുന്നതിന്നുമുമ്പ് കൂടുതൽ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ടെന്നുമാണ് കത്തിൽ പറഞ്ഞിരുന്നത്.

സർക്കാർ കാര്യം മുറപോലെ എന്നൊരു ചൊല്ലുണ്ട്. എന്നാൽ ഇവിടെ മിന്നൽവേഗത്തിലാണ് കാര്യം നടത്തുന്നത്. ശീതളപാനീയങ്ങളുടെ മാനദണ്ഡം നിശ്ചയിക്കാനുള്ള കമ്മിറ്റി മാർച്ച് 29ന് രാവിലെയാണ് യോഗം ചേർന്നത്. അതേസമയത്താണ് തീരുമാനം മാറ്റിവയ്ക്കാനുള്ള കത്ത് ആരോഗ്യസെക്രട്ടറി തയ്യാറാക്കുന്നത്. ആ കത്ത് ഉപഭോക്തൃ മന്ത്രികാര്യാലയസെക്രട്ടറിക്കയക്കുന്നു; ഉപഭോക്തൃസെക്രട്ടറി ആ കത്ത് അഞ്ചു കിലോമീറ്റർ ദൂരെയുള്ള ഇന്ത്യൻ സ്റ്റാൻഡേർഡ് ബ്യൂറോവിന്ന് അയക്കുന്നു. അവരത് കമ്മിറ്റി യോഗത്തിൽ ഹാജരാക്കുന്നു. ഈ നീണ്ടുവളഞ്ഞ ശകുനംമുടക്കൽ പ്രക്രിയ അഞ്ചോപത്തോ മിനിട്ടുകൊണ്ട് പൂർത്തിയായെന്നത് ഒരത്ഭുതമല്ലേ? ഇതിന്റെയെല്ലാം പിന്നിൽ നിക്ഷിപ്തതാൽപര്യക്കാരുടെ കറുത്ത കൈകളാണുള്ളതെന്ന് ഒറ്റനോട്ടത്തിൽതന്നെ ആർക്കും ബോധ്യമാകും.

ശീതളപാനീയത്തിന്ന് നിലവരം നിശ്ചയിക്കരുത് എന്നത് ശീതളപാനീയവ്യവസായികളുടെ ആവശ്യമാണ്. നിലവരം നിശ്ചയിക്കാനുള്ള ശ്രമങ്ങ

ളെയെല്ലാം അവർ കഴിഞ്ഞ മൂന്നു കൊല്ലമായി പല്ലും നഖവുമുപയോഗിച്ച് എതിർത്തുവരികയായിരുന്നു.

ശീതളപാനീയങ്ങളിൽ അനുവദനീയമായതിലേറെ വിഷവസ്തുക്കളുണ്ടെന്ന് ദൽഹിയിലെ ശാസ്ത്ര-പരിസ്ഥിതികേന്ദ്രം ചൂണ്ടിക്കാണിച്ചത് മൂന്നുകൊല്ലം മുമ്പാണ്. പക്ഷെ അതിന്നവർ സ്വീകരിച്ചത് യൂറോപ്യൻ മാനദണ്ഡമായിരുന്നു. കാരണം ഇന്ത്യയിലൊരു മാനദണ്ഡവും നിലവിലില്ലെന്നതുതന്നെ. മാനദണ്ഡം ഇല്ലെങ്കിൽ നിയമലംഘനത്തിന്റെ പ്രശ്നവും ഉത്ഭവിക്കുന്നില്ല! ശാസ്ത്ര-പരിസ്ഥിതി കേന്ദ്രത്തിന്റെ പഠനത്തെക്കുറിച്ച് അന്വേഷിച്ച സംയുക്ത പാർലിമെന്ററി കമ്മിറ്റിയുടെ പ്രധാന നിർദ്ദേശം ശീതളപാനീയങ്ങൾക്ക് മാനദണ്ഡം നിശ്ചയിക്കണമെന്നതായിരുന്നു. പക്ഷെ മൂന്നുകൊല്ലമായിട്ടും എന്തെങ്കിലുമൊരു മാനദണ്ഡം നിശ്ചയിക്കാൻ ഗവർമ്മേണ്ട് കൂട്ടാക്കുന്നില്ല.

ശീതളപാനീയങ്ങൾക്ക് മാനദണ്ഡം നിശ്ചയിക്കണമെന്ന സംയുക്ത പാർലിമെന്ററി കമ്മിറ്റിയുടെ നിർദ്ദേശത്തെത്തുടർന്ന് കേന്ദ്രഗവർമ്മേണ്ട് രണ്ടുവഴിക്ക് നടപടികൾ ആരംഭിച്ചു. ഒന്ന് ആരോഗ്യവകുപ്പിന്റെ കീഴിലും മറ്റേത് ഉപഭോക്തൃ വകുപ്പിന്റെ കീഴിലുമാണ്. ജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യമാകയാൽ തങ്ങളാണിത് കൈകാര്യം ചെയ്യേണ്ടതെന്ന് ആരോഗ്യവകുപ്പു പറയുന്നു. മാനദണ്ഡനിർണയം എങ്ങനേയും നീട്ടിക്കൊണ്ടുപോകണമെന്നതാണ് ആരോഗ്യവകുപ്പിന്റെ ഉന്നം. അവരിത് ആദ്യം ഭക്ഷ്യകമ്മിറ്റിക്ക് വിട്ടു; ഭക്ഷ്യകമ്മിറ്റി അത് കീടനാശിനികമ്മിറ്റിക്കുവിട്ടു; കീടനാശിനികമ്മിറ്റി അത് മറ്റൊരു വിദഗ്ദ്ധ കമ്മിറ്റിക്കുവിട്ടു. അതിപ്പോൾ ഒന്നും മൂന്നുമല്ലാതെ കിടക്കുകയാണ്.

ആരോഗ്യവകുപ്പ് ഈ ഒളിച്ചുകളി നടത്തിക്കൊണ്ടിരിക്കുമ്പോൾ, ഇതിന്നു സമാന്തരമായി ഉപഭോക്തൃ വകുപ്പ് നടപടിയാരംഭിച്ചു. കാരണം, ഇന്ത്യയിൽ എന്തിന്റെയും നിലവരം നിശ്ചയിക്കാനുള്ള അധികാരം ഉപഭോക്തൃവകുപ്പിന്റെ കീഴിലുള്ള ഇന്ത്യൻ സ്റ്റാൻഡേർഡ് ബ്യൂറോക്കാണ്. ശീതളപാനീയവ്യവസായികൾ, കുപ്പിവെള്ള വ്യവസായികൾ, വ്യവസായ സംഘടനകൾ, ഭക്ഷ്യശാസ്ത്രജ്ഞന്മാർ, ഉപഭോക്തൃസംഘടനകൾ, പരിസ്ഥിതി സംരക്ഷണ പ്രവർത്തകർ തുടങ്ങിയവരുടെയെല്ലാം പ്രതിനിധികളടങ്ങിയ ഒരു കമ്മിറ്റിയാണ് ഇതിന്നു നിയോഗിക്കപ്പെട്ടത്. മൂന്നുകൊല്ലത്തെ അധ്വാനത്തിനുശേഷം ഇവർ രൂപം നൽകിയ റിപ്പോർട്ടിനെയാണ് ആരോഗ്യവകുപ്പ് ഇപ്പോൾ അട്ടിമറിച്ചിരിക്കുന്നത്.

നിയമം ഇല്ലാത്തപ്പോൾ നിയമലംഘനത്തിന്റെ പ്രശ്നം ഉത്ഭവിക്കുന്നില്ല. കോളകളിൽ വിഷാംശമുണ്ടെന്ന് മൂന്നു കൊല്ലംമുമ്പ് തെളിഞ്ഞിട്ടും കോളകമ്പനികൾക്കെതിരെ ഒരു നടപടിയുമെടുക്കാൻ സാധിക്കാത്തതിന്റെ കാരണം നിയമമില്ലാത്തതാണ്. യൂറോപ്പിലും അമേരിക്കയിലുമെല്ലാം ശീതളപാനീയങ്ങൾക്ക് മാനദണ്ഡമുണ്ട്; കോളകമ്പനികൾ അതനുസരിക്കുന്നുമുണ്ട്. അവിടെ വിതരണം ചെയ്യുന്ന കോളകളിൽ വിഷാംശമില്ല എന്നാൽ ഇന്ത്യയിൽ നിയമമില്ലാത്തതിനാൽ ശീതളപാനീയക്കാർ തോന്നിവാസം കാണിക്കുന്നു.

❑

# പണക്കാർക്ക് ഭൂമി നൽകാൻ പാവങ്ങളെ പുറത്താക്കുന്നു




നാലഞ്ചു നൂറ്റാണ്ടുകൾക്ക് മുമ്പ് യൂറോപ്യന്മാർ ഇന്ത്യയിൽ വന്നത് പാണ്ടികശാല പണിയാൻ അല്പം സ്ഥലം അനുവദിക്കണമെന്ന അപേക്ഷയുമായിട്ടായിരുന്നു. ശുദ്ധഗതിക്കാരായ അന്നത്തെ ഭരണാധികാരികൾ അവർക്ക് സ്ഥലം അനുവദിച്ചു. അങ്ങനെയാണ് കൽക്കത്തയും മദ്രാസും പുതശേരിയും മയ്യഴിയും ഗോവയും ബോംബെയുമെല്ലാം വളർന്നുവന്നത്. ഈ താവളങ്ങളിൽ കാലൂന്നിനിന്നിട്ടാണ് യൂറോപ്യന്മാർ ഇന്ത്യയെ ആകെ കീഴടക്കിയത്. ചരിത്രത്തിൽ അനന്യമായത്ര ഭീകരമായ കൊള്ളക്ക് ഇന്ത്യ ഇരയായതും അങ്ങനെയാണ്.

ഇപ്പോഴിതാ, സ്വാതന്ത്ര്യം നേടി അര നൂറ്റാണ്ട് പിന്നിട്ടപ്പോഴേക്കും നമ്മുടെ ഭരണാധികാരികൾ ചരിത്രം പഠിപ്പിച്ച പാഠമെല്ലാം മറന്നുകഴിഞ്ഞിരിക്കുന്നു. ഇതിനകം നൂറ്റമ്പത് പ്രത്യേക സാമ്പത്തിക മേഖലകൾക്ക് അനുമതി നൽക്കിക്കഴിഞ്ഞു. അതിനുംപുറമെ 250 സാമ്പത്തിക മേഖലകൾക്കുള്ള അപേക്ഷ കൂടി ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

ഈ പ്രത്യേക സാമ്പത്തികമേഖലകൾക്ക് ഏതാണ്ട് മൂന്നുലക്ഷം ഏക്കർ ഭൂമി വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഗവൺമെന്റിന്റെ കൈയിൽ ഭൂമിയില്ല; ഉണ്ടെങ്കിൽ തന്നെ അത് പ്രയോജനപ്പെടുകയുമില്ല. പകരം പാവങ്ങളായ കർഷകരുടെ ഭൂമി പിടിച്ചെടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ലക്ഷക്കണക്കിനാളുകൾ തെരുവിൽ വലിച്ചെറിയപ്പെടുമെന്നർത്ഥം.

എന്താണീ പ്രത്യേക സാമ്പത്തിക മേഖല? രണ്ടു ദശകങ്ങൾക്കുമുമ്പ് ഇന്ത്യ വല്ലാത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടപ്പോൾ കയറ്റുമതി വർധി

പ്പിച്ച് വിദേശനാണയം നേടാനായി ഇന്ത്യയുടെ പല ഭാഗത്തും കയറ്റുമതി പ്രോത്സാഹന മേഖല ആരംഭിക്കുകയുണ്ടായി. ഈ മേഖലക്കകത്ത് ബിസിനസ്സ് നടത്തുന്നവർക്ക് നിയമങ്ങൾ ബാധകമല്ല. നികുതിയടക്കേണ്ട. പണിക്കാർക്ക് കൂലി നൽകിയില്ലെങ്കിലും കേസില്ല. ചുരുക്കത്തിൽ ഇന്ത്യക്കകത്ത് കുറച്ചു കൊച്ചുനാട്ടുരാജ്യങ്ങൾ. ഉത്പാദിപ്പിക്കുന്നതെല്ലാം കയറ്റിയയക്കണമെന്ന ഒരൊറ്റ നിയമം മാത്രമേ ഇവർക്കു ബാധകമായിരുന്നുള്ളൂ.

ഇതിന്റെ പുതിയൊരു പതിപ്പാണ് 'പ്രത്യേക സാമ്പത്തി മേഖല'. കയറ്റുമതി പ്രോത്സാഹനമേഖലക്ക് ലഭിച്ചുവന്ന ആനുകൂല്യങ്ങളെല്ലാം ഇതിനുമുണ്ട്; അതിന്നും പുറമെ കയറ്റുമതി നടത്തണമെന്ന വ്യവസ്ഥയിൽനിന്നുകൂടി ഇവർക്ക് ഒഴിവുനൽകിയിരിക്കുന്നു. അതായത് പ്രത്യേക സാമ്പത്തിക മേഖലയിൽ ഉത്പാദിപ്പിക്കുന്നതെല്ലാം ഇന്ത്യയിൽ തന്നെ വിറ്റഴിക്കാം. പക്ഷേ 'നാടൻ' വ്യവസായികൾക്കൊന്നും ഇതിന്റെ ഗുണം കിട്ടില്ല. ടാറ്റയെപ്പോലെയും റിലയൻസിനെപ്പോലെയുമുള്ള വൻകിടക്കാർക്കുമാത്രം ലഭിക്കുന്ന ഒരാനുകൂല്യമാണിത്; വിദേശികൾക്കും.

ഒരു ഉദാഹരണം: കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചുകഴിഞ്ഞ 220 പ്രത്യേക സാമ്പത്തിക മേഖലകളിൽ 48 എണ്ണം മഹാരാഷ്ട്രത്തിലാണ്. ഈ 48ൽ ഒരെണ്ണം റായ്ഗഡ് ജില്ലയിലാണ്. ഇവിടെ റിലൻസ് ഗ്രൂപ്പുകാർ 45 ഗ്രാമങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പതിനായിരം ഹെക്ടറിലധികംവരുന്ന ഭൂമിയിലാണ് 'പ്രത്യേക സാമ്പത്തികമേഖല' സ്ഥാപിക്കുന്നത്. ഈ 45 ഗ്രാമങ്ങളിലെ ഒരുലക്ഷത്തിലേറെ ഭൂവുടമകൾക്ക് ഗവൺമെന്റ് അക്വിസിഷനുള്ള നോട്ടീസ് അയച്ചുകഴിഞ്ഞു.

പൊതു ആവശ്യത്തിനു മാത്രമേ അക്വിസിഷൻ പാടുള്ളൂ എന്നതായിരുന്നു അടുത്തകാലംവരെയുള്ള നിയമം. റോഡ് നിർമാണം, കനാൽ നിർമാണം തുടങ്ങിയ പൊതു ആവശ്യങ്ങൾക്ക് സ്വകാര്യഭൂമി പിടിച്ചെടുക്കാൻ ഗവൺമെന്റിന് അധികാരം നൽകുന്നതാണ് അക്വിസിഷൻ നിയമം. ഒരിക്കൽ അക്വയർചെയ്ത ഭൂമി പൊതു ആവശ്യത്തിനല്ലാതെ മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാൻ മുതിർന്നാൽ, ഭൂവുടമക്ക് ആ ഭൂമി തിരിച്ചെടുക്കാൻ അധികാരമുണ്ടായിരുന്നു. എന്നാൽ, ഗവൺമെന്റ് കഴിഞ്ഞകൊല്ലം അക്വിസിഷൻ നിയമം ഭേദഗതി ചെയ്തു. പുതിയ നിയമപ്രകാരം ഒരക്വിസിഷൻ പൊതുതാല്പര്യത്തിനുള്ളതാണെന്ന് ഗവൺമെന്റ് പറഞ്ഞാൽ പിന്നെ അതിനെ ചോദ്യം ചെയ്യാനാവില്ല. ഈ പുതിയ നിയമത്തിന്റെ മറ പിടിച്ചാണ് ഗവൺമെന്റ്, മുതലാളിമാർക്കുവേണ്ടി ആയിരക്കണക്കിന് ഏക്കർ ഭൂമി അക്വയർ ചെയ്യുന്നത്. അക്വയർ ചെയ്തെടുത്ത ഭൂമി സൗജന്യമായോ നാമമാത്രമായ വിലക്കോ മുതലാളിമാർക്ക് കൈമാറുകയാണ് ഗവൺമെന്റ് ചെയ്യുന്നത്.

റായ്ഗഡിൽ ഒരു പ്രത്യേക സാമ്പത്തികമേഖല സ്ഥാപിക്കാൻപോകുന്ന കാര്യം ജനങ്ങൾ അറിയുന്നത് കഴിഞ്ഞ ജൂൺ 19നാണ്. അന്നത്തെ ഒരു പത്രത്തിലാണ് ആ പ്രദേശം അക്വയർ ചെയ്യാൻ തീരുമാനിച്ചതായുള്ള പരസ്യം വന്നത്. അതിനുമുമ്പ് ഗവൺമെന്റോ റിലയൻസുകാരോ ഇക്കാര്യം ആരേയും അറിയിച്ചിരുന്നില്ല. ഇരുപ്പൂകൃഷി നടക്കുന്ന, നല്ല വളക്കൂറുള്ള, പ്രദേശമാണിത്. വെള്ളം സുലഭമാണ്. മുംബൈ നഗരത്തിന്റെ തൊട്ടു തെക്കുഭാഗത്താണ് റായ്ഗഡ്. ഈ പതിനായിരം ഹെക്ടറിൽ ലോക നിലവാരത്തിലുള്ള ഒരു നഗരം പടുത്തുയർത്താനാണ് തങ്ങൾ പ്ലാനിട്ടിരിക്കുന്നതെന്ന് റിലയൻസുകാർ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. അതായത് ഇന്നു ചവറുവിലക്ക് ഗവൺമെന്റ് അക്വയർ ചെയ്തുകൊടു

☞ പേജ് 23 

# പോലീസ് നയപരിഷ്ക്കരണം: കോടതിയുടെ നിർദ്ദേശങ്ങൾ

**പോ**ലീസുകാരെ തിരഞ്ഞെടുക്കുന്നതിന്നും നിയമിക്കുന്നതിന്നും സെക്യൂരിറ്റി കമ്മീഷനുകളെ നിയമിക്കണമെന്ന് സുപ്രീംകോടതി സെപ്തംബർ 22ന്ന് കേന്ദ്ര–സംസ്ഥാന ഗവർമ്മേണ്ടുകൾക്ക് നിർദ്ദേശംനൽകി. പോലീസിന്ന് പൂർണ്ണസ്വയംഭരണാധികാരം നൽകണമെന്നും കോടതി ആവശ്യപ്പെട്ടു. വിവിധ പോലീസ് കമ്മീഷനുകളുടെ റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചിലർ സമർപ്പിച്ച ഒരു ഹരജി മൂന്നു ജഡ്ജിമാരടങ്ങിയ ഒരു ബഞ്ചിൽ വാദം കേട്ടശേഷം പറഞ്ഞ വിധിയിലാണ് ഇതടങ്ങിയിരിക്കുന്നത്.

വിവിധ പോലീസ് കമ്മീഷൻ റിപ്പോർട്ടുകൾ ഗവർമ്മേണ്ടിനിയും നടപ്പാക്കിയിട്ടില്ല. പോലീസിന്റെ നിലവരം കുറഞ്ഞുവരുന്നതായിട്ടാണ് ജനങ്ങൾ കരുതുന്നത്. വിവധ തലങ്ങളിലെ രാഷ്ട്രീയ ഇടപെടലാണ് ഇതിന്നുകാരണം. പോലീസുകാരുടെ നിയമനം, പ്രമോഷൻ എന്നിവയിലെല്ലാം രാഷ്ട്രീയ ഇടപെടലുണ്ട്. പോലീസിനെ ദുരുപയോഗപ്പെടുത്തുക മാത്രമല്ല അഴിമതിക്കാരായ പോലീസുകാർക്ക് രാഷ്ട്രീയ സംരക്ഷണം ലഭിക്കുന്നുമുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി.

കേന്ദ്രപോലീസ് സംഘടനകളുടെ തലവന്മാരെ നിയമിക്കുന്നത് ഒരു നാഷനൽ കമ്മീഷൻ തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽനിന്നാകണം. കേന്ദ്ര ആഭ്യന്തരമന്ത്രി, കേന്ദ്രപോലീസ് സംഘടനകളുടെ തലവന്മാർ രണ്ടു സെക്യൂരിറ്റി വിദഗ്ദ്ധന്മാർ എന്നിവർ അംഗങ്ങളും കേന്ദ്രആഭ്യന്തരകാര്യ സെക്രട്ടറി സെക്രട്ടറിയുമായുള്ള നാഷനൽ കമ്മീഷനാണ് ലിസ്റ്റ് തയ്യാറാക്കേണ്ടത്. ഇങ്ങനെ തിരഞ്ഞെടുത്തു നിയമിക്കപ്പെടുന്നവർക്ക് ചുരുങ്ങിയത് രണ്ടു കൊല്ലത്തെ സേവന കാലാവധിയെങ്കിലും അനുവദിക്കണം.

ഇതേ മാതൃകയിൽ സംസ്ഥാനങ്ങളിലും കമ്മീഷനുകളെ നിയമിക്കേണ്ടതാണ്. മുഖ്യമന്ത്രിയോ ആഭ്യന്തരമന്ത്രിയോ ഈ കമ്മീഷന്റെ തലവനാകണം; ഡി.ജി.പി. സെക്രട്ടറിയുമായിരിക്കും. പോലീസിൽ സംസ്ഥാന ഗവർമ്മേണ്ട് അനാവശ്യസമ്മർദ്ദമോ സ്വാധീനമോ ചെലുത്തുന്നില്ലെന്ന് ഈ കമ്മീഷൻ ഉറപ്പുവരുത്തണം. ഭരണഘടനയനുസരിച്ചും നിയമമനുസരിച്ചും പ്രവർത്തിക്കാൻ പോലീസിന്ന് സ്വാതന്ത്ര്യം നൽകണം. കേന്ദ്രപബ്ലിക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുത്ത സീനിയർമാരായ മൂന്നു പോലീസ് ഉദ്യോഗസ്ഥന്മാരിൽനിന്നേ പോലീസ് ഡയറക്ടർ ജനറലിനെ നിയമിക്കാവൂ. ഐ.ജി.മാർ, ഡി.ഐ.ജി.മാർ, പോലീസ് സൂപ്രണ്ടുമാർ, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എന്നിവർക്ക് രണ്ടുകൊല്ലത്തെ സേവന കാലാവധിയെങ്കിലും നൽകണം.

പോലീസ് സേനയെ ക്രമസമാധാനപാലന വിഭാഗമെന്നും കുറ്റാന്വേഷണ വിഭാഗമെന്നും രണ്ടായിതിരിക്ക ⇨

# ഇന്ത്യയിൽ കോടീശ്വരന്മാർ അതിവേഗം പെരുകുന്നു

**ലോ**കത്തിലെ കോടീശ്വരന്മാരുടെ എണ്ണം 2005ൽ 6.5 ശതമാനംകണ്ട് വർധിച്ചപ്പോൾ ഇന്ത്യയിലത് 19 ശതമാനംകണ്ട് വർദ്ധിച്ചതായി ഒരു സർവ്വേ റിപ്പോർട്ടിൽ പറയുന്നു. കോടീശ്വരപെരുപ്പത്തിന്റെ കാര്യത്തിൽ ഇന്ത്യക്ക് രണ്ടാംസ്ഥാനമുണ്ട്; ഒന്നാംസ്ഥാനം ദക്ഷിണകൊറിയക്കും മൂന്നാംസ്ഥാനം റഷ്യക്കുമാണ്. ദക്ഷിണ കൊറിയയിൽ കോടീശ്വരന്മാർ 21 ശതമാനംകണ്ട് വർധിച്ചപ്പോൾ റഷ്യയിൽ 17 ശതമാനംകണ്ടാണ് വർധന.

ലോകത്തിലെ കുബേരന്മാരെപ്പറ്റി മെറിൽ ലീഞ്ച് എന്ന നിക്ഷേപബാങ്കും ക്യാപ് ജമിനി എന്ന കൺസൾട്ടൻസി കമ്പനിയുംകൂടി കൊല്ലംതോറും ഒരു സർവ്വെറിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. അതിലാണ് 2005ലെ കുബേരന്മാരുടെ വിവരമുള്ളത്. വ്യക്തിപരമായി പത്തുലക്ഷം ഡോളറിലധികം സ്വത്തുള്ളവരെയാണ് കുബേരന്മാരായി കണക്കാക്കുന്നത് – അതായത് ഏതാണ്ട് അഞ്ചുകോടി രൂപയുടെ സ്വത്ത്.

ഓഹരി വിപണി ചീറിക്കയറിയതാണ് വ്യക്തികളുടെ സ്വത്തിലിത്ര വർദ്ധനക്ക് കാരണമായതെന്ന് പറയുന്നു. പത്തുലക്ഷം ഡോളറിലധികം സ്വകാര്യ സ്വത്തുള്ള വ്യക്തികൾ ലോകത്തിൽ 87 ലക്ഷം വരും.

ലോകത്തിൽ സമ്പന്നരുടെ എണ്ണത്തിലെ വർധന 6.5 ശതമാനമാണെങ്കിൽ, അതിസമ്പന്നർക്കിടയിലെ വർധന പത്തുശതമാനംകണ്ടാണ്. മൂന്നുകോടി ഡോളറിലേറെ സ്വത്തുള്ളവരെയാണ് അതിസമ്പന്നർ എന്ന വിഭാഗത്തിൽപെടുത്തിയിരിക്കുന്നത്. ആഢ്യന്മാരുടേതായ ഈ ക്ലബ്ബിൽ ഇപ്പോൾ 85,400 അംഗങ്ങളുണ്ട്. സമ്പന്നവർഗ്ഗത്തിന്റെ ഒരു ശതമാനം വരുന്ന ഇവർ ലോകത്തിലെ സമ്പത്തിന്റെ 24 ശതമാനവും കയ്യടക്കിവച്ചിരിക്കുന്നു.

ബ്രിട്ടനിൽ സമ്പന്നവർഗ്ഗത്തിന്റെ വർധന മിതമാണ് – ഏഴു ശതമാനം. ബ്രിട്ടനിൽ നാലരലക്ഷം സമ്പന്നരാണുള്ളത്. യൂറോപ്പ് ഒന്നാകെയെടുത്താൽ സമ്പന്ന വർഗ്ഗത്തിന്റെ വർധന 4.5 ശതമാനമേയുള്ളൂ. അമേരിക്കയിൽ സമ്പന്നർ 6.8 ശതമാനംകണ്ട് വർധിച്ചിട്ടുണ്ട്. ❑

---

ണം. എന്നാൽ ഇവതമ്മിൽ ഏകോപനമുണ്ടാകുകയും വേണം.

ഡെപ്യൂട്ടി സൂപ്രണ്ടിന്നു താഴെയുള്ള പോലീസുകാരുടെ നിയമനം, സ്ഥലംമാറ്റം, പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കാൻ ഓരോ സംസ്ഥാനത്തിലും ഓരോ പോലീസ് ബോർഡ് ഉണ്ടാക്കണം. ഡി.എസ്.പി.വരെയുള്ളവർക്കെതിരായ പരാതികൾ ഈ അഥോറിറ്റി പരിശോധിക്കും. പോലീസ് സൂപ്രേണ്ട്മുതൽ മേൽപോട്ടുള്ളവരുടെ പരാതികൾ കേൾക്കാൻ സംസ്ഥാനതലത്തിലും ഒരു അഥോറിറ്റി രൂപീകരിക്കണം. ഡിസംബർ 31നുമുമ്പ് ഇതെല്ലാം നടപ്പാക്കണമെന്നും കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. ❑

# പോലീസ് സ്റ്റേഷനുകളിൽ ഹെൽപ്‌ലൈൻ

(പുതിയ പോലീസ് ആക്ടിന്ന് രൂപംനൽകാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന കമ്മിറ്റിക്ക് ജനനീതി സമർപ്പിച്ച നിർദ്ദേശങ്ങൾ)

**1. ഹെൽപ് ലൈൻ**

എല്ലാ പോലീസ് സ്റ്റേഷനുകളോടും അനുബന്ധിച്ച് ഒരു ഹെൽപ് ലൈൻ ഏർപ്പെടുത്തണം. തക്കതായ യോഗ്യതയുള്ള, പരിശീലനം നേടിയ പോലീസുകാർ ഈ ഡെസ്ക്ക് കൈകാര്യം ചെയ്യണം. കയ്യേറ്റങ്ങൾ, ഗാർഹിക അതിക്രമങ്ങൾ, ലൈംഗിക പീഡനങ്ങൾ, സ്ത്രീകളുടേയും കുട്ടികളുടേയും പരാതികൾ തുടങ്ങിയവ ഈ ഡെസ്ക്ക് കൈകാര്യം ചെയ്യണം.

**2. പോലീസ് അക്കാദമി**

ഇപ്പോഴത്തെ പോലീസ് അക്കാദമിയെ പോലീസ് വകുപ്പിൽനിന്ന് വേർപെടുത്തണം. പ്രഗത്ഭരായ സാമൂഹ്യ ശാസ്ത്രജ്ഞന്മാർ, നിയമജ്ഞന്മാർ, വിദ്യാഭ്യാസപ്രവർത്തകർ തുടങ്ങിയവരുടെ നേതൃത്വത്തിലും ഭരണത്തിലുമാകണം അത്. പരിചയസമ്പന്നരായ സാമൂഹ്യ ശാസ്ത്രജ്ഞന്മാരും മന:ശാസ്ത്രജ്ഞന്മാരും മനുഷ്യാവകാശ പ്രവർത്തകരുംചേർന്ന് തയ്യാറാക്കുന്നതാകണം സിലബസ്സ്.

**3. അത്യാഹിത മാനേജ്മെന്റ്**

പ്രകൃതിക്ഷോഭം മൂലവും മനുഷ്യസൃഷ്ടവുമായ ദുരന്തങ്ങൾ വർധിച്ചുവരികയാണ്. ഇവ കൈകാര്യം ചെയ്യുന്നതിൽ പോലീസിന്നുള്ള ചുമതല അതിപ്രധാനമാണ്. അതിനാൽ പോലീസ് അക്കാദമിയുടെ സിലബസ്സിൽ അത്യാഹിതമാനേജ്മെന്റ് കൂടി ഉൾപ്പെടുത്തണം.

**4. സിവിക്ഫോറം**

ഓരോ പോലീസ് സ്റ്റേഷനോടനുബന്ധിച്ചും ഓരോ സിവിക് ഫോറത്തിന്ന് രൂപം നൽകണം. സീനിയർ പൗരന്മാർ, സർക്കാരേതര സംഘടനകൾ, സർവ്വീസ് സംഘടനകൾ, സാമൂഹ്യപ്രവർത്തകർ എന്നീ വിഭാഗങ്ങളുടെ പ്രതിനിധികളടങ്ങിയതാകണം ഇത്. ഫോറത്തിന്റെ ചെയർമാൻ ഒരു സിവിലിയനും സെക്രട്ടറി സ്റ്റേഷൻ ഓഫീസറുമാകണം. ഫോറം മാസത്തിലൊരു ദിവസം സമ്മേളിച്ച് ജനക്ഷേമസംബന്ധമായ കാര്യങ്ങൾ ചർച്ചചെയ്യണം.

**5. പബ്ലിക് ഇൻഫർമേഷൻ**

പീഡനങ്ങൾ, സംഘടിത അക്രമങ്ങൾ, ലൈംഗികാതിക്രമങ്ങൾ തുടങ്ങിയവക്കുള്ള നിയമപരമായ പരിഹാരമാർഗ്ഗങ്ങൾ സംബന്ധിച്ച ലഘുലേഖകൾ, സുപ്രീം കോടതിയുടെ സുപ്രധാന പൗരാവകാശ കല്പനകൾ, വിവരാവകാശനിയമം എന്നിവ പൊതുവിതരണത്തിന്നായി പോലീസ് സ്റ്റേഷനുകളിൽ തയ്യാറാക്കണം. ഇതിന്റെ ചുമതല ഒരു ഇൻഫർമേഷൻ ഓഫീസർക്ക് നൽകാവുന്നതാണ്. പോലീസ് സ്റ്റേഷനുകളിലെ പരാതിനിവാരണസെല്ലും ഈ ഓഫീസറുടെ കീഴിലാക്കാവുന്നതാണ്.

**6. ഓംബുഡ്സ്മാൻ**

അഴിമതി, കുറ്റകൃത്യങ്ങൾ, കൈക്കോഴ, മാഫിയകൾ എന്നിവയിൽ പോലീസ് ഉൾപ്പെടുന്നത് തടയാൻ ഒരു

ഓംബുഡ്സ്മാൻ സംഘടിപ്പിക്കണം. ഇതിൽ പോലീസ് വകുപ്പുകാർക്ക് ബന്ധം ഉണ്ടാകരുത്.

**7. കസ്റ്റഡിദണ്ഡനം**

പോലീസ് കസ്റ്റഡിയിൽവച്ച് പീഡിപ്പിക്കുന്നതും കസ്റ്റഡിമരണവും കുറ്റകൃത്യങ്ങളാക്കണം. സംഭവസമയത്ത് പോലീസ് സ്റ്റേഷന്റെ ചുമതല വഹിക്കുന്ന ആളെ അതിന്റെ ഉത്തരവാദിയാക്കണം.

**8. പോലീസ് സംഘടന**

പോലീസുകാരെ രാഷ്ട്രീയാടിസ്ഥാനത്തിലോ വർഗ്ഗീയാടിസ്ഥാനത്തിലോ സംഘടിക്കാൻ അനുവദിക്കരുത്. സബ്ബിൻസ്പെക്ടർക്ക് മുകളിലുള്ള ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്ന് രാഷ്ട്രീയബന്ധമോ വർഗ്ഗീയസംഘടനാ ബന്ധമോ ഉള്ളതായി കണ്ടാൽ അന്വേഷിച്ച് നടപടിയെടുക്കേണ്ടതാണ്.

**9. ആരാധനവേണ്ട**

മതപരമായ ആരാധനയോ മറ്റു ചടങ്ങുകളോ പോലീസ് സ്റ്റേഷനിൽ അനുവദിക്കാവുന്നതല്ല. മതപരമായ ചിഹ്നങ്ങൾ, വിഗ്രഹങ്ങൾ, ചിത്രങ്ങൾ എന്നിവ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കാനും പാടില്ല.

**10. അകമ്പടി നിർത്തണം**

മന്ത്രിമാർക്കും നേതാക്കന്മാർക്കും പോലീസ് അകമ്പടി സേവിക്കുന്ന ഏർപ്പാട് അവസാനിപ്പിക്കണം. മറ്റുപല ജോലികളും നിർവ്വഹിക്കാനുള്ള പോലീസുകാരെ വി.ഐ.പി.കളുടെ മുന്നിലും പിന്നിലും ഓടിക്കുന്നതും വഴി നീളെ പിടിച്ചുനിർത്തുന്നതും ദുർവ്യയമാണ്. അകമ്പടി കൂടിയേതീരൂ എങ്കിൽ, അതിന്നായി പ്രത്യേകം പരിശീലിപ്പിച്ച ഒരു സെക്യൂരിറ്റി വിഭാഗത്തിന്ന് രൂപം നൽകേണ്ടതാണ്. ❑

## ഒറാൻ പാമുക്കിന്ന് നോബൽ സമ്മാനം


ഒറാൻ പാമുക്ക്

"തുർക്കിത്ത"ത്തെ അവഹേളിച്ചുവെന്നതിന്ന് ഈയിടെ തുർക്കിയിൽ പ്രോസിക്യൂട്ട് ചെയ്യപ്പെട്ട ഒറാൻ പാമുക്ക് (54) ഇക്കൊല്ലത്തെ സാഹിത്യത്തിന്നുള്ള നോബൽ സമ്മാനത്തിന്ന് അർഹനായി. കാര്യങ്ങൾ വെട്ടിത്തുറന്നുപറയുന്ന ഉല്പതിഷ്ണുവായൊരു സാഹിത്യകാരനാണ് പാമുക്ക്. സാൽമൻ റഷ്ദിക്കെതിരെ ഇറാനിലെ ഖൊമേനി "ഫത്വ" പുറപ്പെടുവിച്ചപ്പോൾ അതിനെ ഏതിർക്കാനുള്ള ചങ്കൂറ്റം കാണിച്ച ആദ്യത്തെ മുസ്ലിം സാഹിത്യകാരനാണ് ഇദ്ദേഹം. പുതുജീവിതം (1994), എന്റെ പേര് ചുവപ്പ് എന്നാണ് (1998), മഞ്ഞ് (2002), ഇസ്താംബൂൾ (2003) എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. ഇക്കൊല്ലത്തെ സാഹിത്യ നോബൽ സമ്മാനത്തുക ആറുകോടി ക. വരും.

# കോടതിപോലെ സ്വതന്ത്രമായൊരു പോലീസ് സേന

ഇന്ത്യയിലെ പോലീസ് സംവിധാനത്തെ പരിഷ്ക്കരിക്കുന്നതിന്നായി സുപ്രീം കോടതി ഈ സെപ്തംബറിൽ നൽകിയ നിർദ്ദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നപക്ഷം അത് ഇന്ത്യയിലെ രാഷ്ട്രീയരംഗത്തുതന്നെ വലിയൊരു പരിവർത്തനത്തിന്നിടയാക്കും. പോലീസ് സേനയെ ഭരണകൂടത്തിന്റെ മർദ്ദനോപകരണമായിട്ടാണ് ജനങ്ങൾ എന്നും കണ്ടുപോന്നിട്ടുള്ളത്. കൊളോണിയൽ ഭരണാധികാരികൾ പോലീസ് സേനക്ക രൂപം നൽകിയത് അവരുടെ സുഗമമായ ഭരണത്തിന്ന് സൗകര്യപ്പെടുത്താനായിരുന്നു. 1947ൽ ബ്രിട്ടീഷുകാർ ഇന്ത്യവിട്ടുവെങ്കിലും, പോലീസ് സംവിധാനത്തിൽ മാറ്റമൊന്നും വന്നില്ല; നേരെമറിച്ച് നാടൻ ഭരണാധികാരികൾ പോലീസ് സേനയെ നാനാവിധമാക്കി നശിപ്പിച്ചു.

പോലീസ് സേനയെ നവീകരിക്കേണ്ടതിന്റെ ആവശ്യകത പണ്ടുതന്നെ ബോധ്യപ്പെട്ടിരുന്നു. പല കമ്മീഷനുകളും പ്രശ്നം പഠിച്ച് ഗവർമ്മേണ്ടിന്ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പക്ഷെ അവ നടപ്പാക്കാനുള്ള ഇഛാശക്തി ഒരു ഗവർമ്മേണ്ടിന്നും ഉണ്ടാകാറില്ല. പ്രതിപക്ഷത്തിരിക്കുമ്പോൾ പോലീസിനെ കുറ്റം പറയുന്നവർ, അധികാരത്തിൽ കയറിപ്പറ്റിയാൽ അതേ പോലീസിനെ സ്വാർത്ഥതാല്പര്യസംരക്ഷണത്തിന്ന് കരുവാക്കുന്ന കാഴ്ചയാണ് ഇന്ത്യയിലെങ്ങും കാണുന്നത്.

പോലീസ് സേനയെ നവീകരിക്കുന്നതിന്നായി പോലീസ് കമ്മീഷൻ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിക്കപ്പെട്ട ഒരു ഹർജിയിന്മേലാണ് സുപ്രീം കോടതി ചില തീരുമാനങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഡിസംബർ 31-ന്നുമുമ്പ് ഈ നിർദ്ദേശങ്ങൾ നടപ്പാക്കണമെന്നും കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

ഏഴു നിർദ്ദേശങ്ങളാണ് സുപ്രീം കോടതി നൽകിയിരിക്കുന്നത്. (1) ഒരു നാഷണൽ കമ്മീഷൻ തയ്യാറാക്കുന്ന ലിസ്റ്റിൽനിന്നു മാത്രമേ കേന്ദ്രപോലീസ് സേനകളുടെ തലവൻമാരെ നിയമിക്കാവൂ. (2) സംസ്ഥാനങ്ങളിൽ പോലീസ് രാഷ്ട്രീയ സമ്മർദ്ദങ്ങൾക്ക് വിധേയമാകുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഒരു സംസ്ഥാനകമ്മീഷൻ മേൽനോട്ടം നടത്തണം. (3) കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന പാനലിൽനിന്ന് ഒരാളെ മാത്രമേ സംസ്ഥാന പോലീസ് ഡയറക്ടർ ജനറലായി നിയമിക്കാവൂ. (4) സൂപ്രണ്ട്മുതൽ ഐ.ജി. വരെയുള്ളവർക്ക് രണ്ടുകൊല്ലത്തെ സേവനകാലാവധിയെങ്കിലും വേണം. (5) ക്രമസമാധാന പാലനത്തിന്നും കേസന്വേഷണത്തിന്നും വെവ്വേറെ പോലീസ് സേനവേണം. (6) പോലീസിന്റെ സ്ഥലംമാറ്റം, പ്രമോഷൻ തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കാൻ ഒരു ബോർഡ് ഉണ്ടാകണം. (7) പോലീസുകാരുടെ പരാതികൾ പരിശോധിക്കാൻ ജില്ലാതലത്തിൽ സംവിധാനം വേണം എന്നിവയാണ് കോടതിയുടെ നിർദ്ദേശങ്ങൾ.

ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നപക്ഷം നമ്മുടെ പോലീസിന്റെ കാര്യശേഷി അനേകം മടങ്ങുവർധിക്കുമെന്നതിൽ സംശയമില്ല. രാഷ്ട്രീയ ഇടപെടലാണ് പോലീസിനെ ഒന്നിനും കൊള്ളരുതാത്ത ഒരു ചോറ്റുപട്ടാളത്തിന്റെ സ്ഥിതിയിലേക്ക് അധഃപതിപ്പിച്ചിരിക്കുന്നത്. രാഷ്ട്രീയക്കാർ പോലീസിനേയും പോലീസ് രാഷ്ട്രീയക്കാ

രേയും സംരക്ഷിക്കുന്നു. തന്മൂലം ഇരുകൂട്ടരും അഴിമതിക്കാരായിരിക്കുന്നു. ഇതിന്റെയെല്ലാം ഭവിഷ്യത്ത് അനുഭവിക്കേണ്ടിവരുന്നത് നിയമത്തെ മാനിച്ചുകൊണ്ട് മര്യാദക്ക് ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന പൗരന്മാരാണ്.

പോലീസിനെ നിർവീര്യമാക്കുന്ന പ്രധാന ഘടകം സ്ഥലംമാറ്റമാണ്.. ഭരണ കക്ഷിയുടെ പ്രാദേശിക നേതാക്കൾപോലും "നിന്നെ കാട്ടിലേക്ക് സ്ഥലംമാറ്റും" എന്നു ഭീഷണിപ്പെടുത്തിക്കൊണ്ടാണ് പോലീസിനെ വിരട്ടാറുള്ളത്. ഇതിന്നറുതി വരുത്തിയാൽതന്നെ പോലീസിന്റെ ക്രമസമാധാനപാലനം വളരെയേറെ മെച്ചപ്പെടും; രാഷ്ട്രീയക്കാരുടെ അഴിഞ്ഞാട്ടങ്ങൾക്ക് അറുതിയുംവരും.

പക്ഷെ അതുകൊണ്ടുതന്നെ കോടതിയുടെ നിർദ്ദേശങ്ങൾ അവഗണിക്കപ്പെട്ടേക്കും. കേന്ദ്രഗവർമ്മേണ്ടിന്ന് ഇതിൽ കാര്യമായൊന്നും ചെയ്യാനില്ല എന്നതാണ് വാസ്തവം. 1861ലെ ഇന്ത്യൻ പോലീസ് ആക്ടിന്നുപകരം പുതിയൊരു പോലീസ് ആക്ടിന്ന് പ്രസിദ്ധ നിയമജ്ഞനായ സോളിസൊറാബ്ജി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി രൂപംനല്കിവരുന്നുണ്ട്. ഈ കമ്മിറ്റിയുടെ ശുപാർശപ്രകാരം പുതിയ പോലീസ് ആക്ട് ഉണ്ടാക്കിയാലും അത് നടപ്പാക്കേണ്ടത് സംസ്ഥാനങ്ങളാണ്. പോലീസ് എന്നത് സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽപെട്ട കാര്യമാണ്. സംസ്ഥാന ഗവർമ്മേണ്ടുകൾ താല്പര്യപൂർവ്വം മുന്നിട്ടിറങ്ങിയാൽമാത്രമേ പോലീസ് ഭരണത്തിൽ മാറ്റംവരുത്താൻ കഴിയൂ.

ഇത് പോലീസിനെമാത്രം ബാധിക്കുന്നൊരു കാര്യമല്ലെന്ന് അധികാരികൾ ഓർത്തിരിക്കേണ്ടതുണ്ട്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവിപോലും ഈ പരിഷ്ക്കാരങ്ങളെ ആശ്രയിച്ചിരിക്കുന്നു. പോലീസൊരു ജനസേവന വിഭാഗമായി വർത്തിക്കുന്നിടത്തുമാത്രമേ ജനാധിപത്യം പുലരുന്നുള്ളൂ. മറിച്ചുപറഞ്ഞാൽ, സ്വേഛാധിപത്യരാജ്യങ്ങളിലെല്ലാം പോലീസ് ഒരു മർദ്ദനോപകരണമാണ്. ഇന്ത്യയിൽ ജനാധിപത്യവും നിയമവാഴ്ചയും നിലനിൽക്കണമെന്നാഗ്രഹിക്കുന്നവർ സുപ്രീം കോടതിയുടെ നിർദ്ദേശങ്ങളെ മേൽകീഴ് നോക്കാതെ നടപ്പാക്കേണ്ടതാണ്. കോടതികളെപ്പോലെ സ്വതന്ത്രമായൊരു പോലീസ് സേന എന്നതു നമ്മൾക്ക് കൈവരാവുന്ന ഏറ്റവും വലിയ ഭാഗ്യങ്ങളിലൊന്നാണ്. ❏

---

## പണക്കാർക്ക് ഭൂമി നൽകാൻ......

ക്കുന്ന ഭൂമിക്ക് നാളെ ചതുരശ്ര അടിക്ക് ലക്ഷങ്ങൾ വിലവരുമെന്നർത്ഥം.

പ്രത്യേക സാമ്പത്തികമേഖലക്കായി കൃഷിഭൂമി അക്വയർ ചെയ്യുന്നത് തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് മനോഹർലാൽ ശർമ്മ എന്നൊരു അഭിഭാഷകൻ സുപ്രീംകോടതിയിൽ ഒരു ഹർജി സമർപ്പിച്ചിട്ടുണ്ട്.

പ്രത്യേക സാമ്പത്തികമേഖലക്കായി ഭൂമി അക്വയർ ചെയ്യുമ്പോൾ കർഷകർ മാത്രമല്ല, വഴിയാധാരമാകുന്നത്; ഭൂരഹിതരായ കർഷകത്തൊഴിലാളികളും അവരോടൊപ്പം തെരുവിലെറിയപ്പെടും.

പ്രത്യേക സാമ്പത്തിക മേഖല സംബന്ധിച്ച് റിസർവ് ബാങ്ക് ഈയിടെ ബാങ്കുകൾക്ക് നൽകിയ നിർദേശം ഗവൺമെന്റിനെയും വ്യവസായികളെയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക സാമ്പത്തിക മേഖലക്ക് വായ്പ അനുവദിക്കുന്നത് ഭൂകച്ചവടക്കാർക്ക് വായ്പ അനുവദിക്കുന്ന നിരക്കിലേ പാടുള്ളൂ എന്നാണ് റിസർവ് ബാങ്കിന്റെ നിർദേശം. പ്രത്യേക സാമ്പത്തികമേഖല എന്ന ഓമനപ്പേരുള്ള പദ്ധതി യഥാർത്ഥത്തിൽ ഭൂമി കച്ചവടമാണെന്ന് റിസർവ് ബാങ്ക് തന്നെ പറയുന്നു! ❏

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

# ജനനീതി തമിഴ്നാട് ഘടകം കോയമ്പത്തൂരിൽ പ്രവർത്തനം തുടങ്ങി




**പ**തിനഞ്ച് വർഷത്തെ അനുഭവസമ്പത്തുമായി ജനനീതി കേരളത്തിനു പുറത്തേയ്ക്ക് സേവനം വ്യാപിപ്പിക്കുന്നു. കോയമ്പത്തൂർ ആര്യവൈദ്യഫാർമസിയുടെ ക്ഷണം സ്വീകരിച്ചുകൊണ്ട്, രാമനാഥപുരം വെൽഫെയർ സൊസൈറ്റിയുടെ സഹായത്തോടെ കോയമ്പത്തൂർ നഗരമധ്യത്തിൽ ജനനീതി ഓഫീസ് 2006 ഒക്ടോബർ രണ്ടുമുതൽ പ്രവർത്തനമാരംഭിച്ചു. തമിഴ്നാട് മുൻപ്രോസിക്യൂഷൻ ജനറൽ ശ്രീ. കുപ്പുസ്വാമി ഓഫീസ് ഉദ്ഘാടനം നടത്തി. ജനനീതി ചെയർമാൻ പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള, ബോർഡ് അംഗങ്ങൾ, ജനനീതി കുടുംബാംഗങ്ങൾ, രാമനാഥപുരം വെൽഫെയർ സൊസൈറ്റി അംഗങ്ങൾ, കോയമ്പത്തൂർ ആര്യവൈദ്യ ഫാർമസി ജനറൽ മാനേജർ ശ്രീ. വിജയകുമാർ, അഡ്വ. ഗീത സെൽവരാജ്, സാമൂഹ്യപ്രവർത്തകർ തുടങ്ങി നിരവധി പേർ സന്നിഹിതരായിരുന്നു.

ആരംഭത്തിൽ, സൗജന്യ നിയമസഹായം, നിയമോപദേശങ്ങൾ, ഗാർഹിക പീഡനവിരുദ്ധ പ്രചരണം, സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ, ലിംഗനീതി, ബാലനീതി, പൊതുജനാരോഗ്യം, മനുഷ്യാവകാശ സംരക്ഷണം, പൊതുജനപങ്കാളിത്തത്തോടെയുള്ള തർക്കപരിഹാരസദസ്സുകൾ – തുടങ്ങിയ മേഖലകളിൽ ജനനീതിയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

വരിസംഖ്യ – ആയുഷ്കാലം : 1000 ക.